
# ബഥേൽപത്രിക

വാല്യം 9 ജൂലൈ 1996 ലക്കം 7




എൻെറ കർത്താവും എൻെറ ദൈവവുമേ.

ദുഖ്റോനോ–ജൂലൈ 3

# ബഥേൽ പത്രിക

(ചെങ്ങന്നൂർ മെത്രാസന കേന്ദ്രത്തിൽ നിന്നും പ്രസിദ്ധീകരിക്കുന്നത്.)

★ ജൂലൈ 1996 ★


## ഉള്ളടക്കം


മുഖാമുഖം, ഇടയലേഖനം

| | | |
|---|---|---|
| കരിസ്മാറ്റിക്കും മനുഷ്യമനസ്സും [ഫാ. ഒ. തോമസുമായി അഭിമുഖം] | 7 | ബോബൻകൈപ്പള്ളിക്കണ്ടം |
| വേദിയിലെ പീഡനങ്ങൾ | 9 | ജേക്കബ് ഉമ്മൻ |
| എന്നാളും കാവലായ് [കവിത] | 12 | ചാണ്ടപ്പിള്ള പി. സാം |
| ജനസേവകൻ [കഥ] | 13 | ജോസ് കെ. തേലപ്പുറം |
| സഭ ദേശീയധാരയിൽ | 15 | വിനോദ് ജോർജ് |
| കരിസ്മാറ്റിക്ക് കരിയും പുകയും | 17 | ഫാ. സി. ജെ. ജോർജ് |
| ബൈബിൾ | 21 | |
| ഭൂമിയിൽ സ്വർഗ്ഗം [കവിത] | 22 | പന്തളം കെ. ജി. |

വാർത്തകൾ, ബാലപത്രിക, കത്തുകൾ



## പത്രാധിപസമിതി

മാനേജിംഗ് എഡിറ്റർ : തോമസ് മാർ അത്താനാസിയോസ്

ചീഫ് എഡിറ്റർ : ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

അംഗങ്ങൾ : വെരി. റവ. പി. ജി. ജോർജ്ജ് കോർ എപ്പിസ്കോപ്പാ, ഫാ. പി. ജി. ജോർജ്, ഫാ. പി. വി. ജോൺ, ഫാ. ഐപ്പ് പി. സാം, ഡോ. കെ. എം. തരകൻ, ഡോ. സാമുവേൽ ചന്ദനപ്പള്ളി, ജേക്കബ് ഉമ്മൻ, പ്രൊഫ. സൂസി ഏബ്രഹാം

സർക്കുലേഷൻ മാനേജർ : എം. എ. ജേക്കബ്


**മുഖാമുഖം**

# മിഷൻ: പുത്തൻ ഉണർവ്



ഡോ. ഗീവറുഗീസ്
മാർ ഒസ്താത്തിയോസ്
മെത്രാപ്പോലീത്താ

സഭയുടെ മിഷൻ പ്രവത്തന രംഗത്തെക്കുറിച്ച് മിഷൻ പ്രവാചകനായ ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ:

? *എന്തിനാണ് 'മിഷൻ സൺഡേ' ക്രമീകരിച്ചിരിക്കുന്നത്.*

മിഷൻ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണത്തിനും മിഷൻ ദർശനം ജനങ്ങളിൽ വ്യാപകമാക്കുന്നതിനുമായാണ് മിഷൻസൺഡേ ക്രമീകരിച്ചിരിക്കുന്നത്.

സഭയുടെ മിഷൻ ദൗത്യം സഭയാകമാനം അറിയിക്കുവാനുള്ള അവസരമാണിത്. മിഷനു് കൂടുതൽ പ്രവർത്തകരെ കണ്ടെത്തുവാനും മിഷൻ പ്രവർത്തനങ്ങൾക്കാവശ്യമായ പണം സമാഹരിക്കുന്നതിനും കഴിയുന്നു.

? *മിഷൻ: ഓർത്തഡോക്സ് സമീപനം എന്താണ്.*

ഓർത്തഡോക്സ് മിഷൻ ത്രിത്വാധിഷ്ഠിതമാണ്. ഇതു് ഒരു ഹോളിസ്റ്റിക്ക് അപ്രോച്ചാണ്. ക്രിസ്തുവിന്റെ അന്ത്യശാസനം അനുസരിച്ച് ശിഷ്യത്വത്തിലേക്കുള്ള വിളിയാണിതു്. ദൈവീകരണ പ്രക്രിയയാണ്.

മിഷൻ പൂർണ്ണമാകുവാനും, സ്വയപരിത്യാഗമാകുവാനും സാമൂഹ്യമാകുവാനുമുള്ള ലക്ഷ്യം വേണം. സ്നേഹത്തിന്റെ ഏകത്വവും ബഹുത്വവും ഒന്നാകുന്ന ദൈവശാസ്ത്രമാണിതു്. സ്നേഹത്താൽ സമത്വവും സാഹോദര്യവും ഉണ്ടാകണം.

ക്രിസ്തീയമിഷൻ സാമൂഹികരണ പ്രക്രിയ കൂടിയാണ്. മിഷൻ സഭയുടെ ദൗത്യമാണ്. ആരാധിക്കുന്ന സമൂഹമായി മാത്രം മാറുന്ന സഭ സാക്ഷ്യത്തിനും മുൻതൂക്കം നൽകണം.

സ്വാതന്ത്ര്യവും സന്തോഷവും ഉള്ള നീതിപൂർവ്വമായ സമൂഹത്തെ സൃഷ്ടിക്കുന്നതാണീമിഷൻ. ഇതു് യാഗാത്മകമായ സമീപനമാണ്. ഇരുപത്തിയൊന്നാം നൂററാണ്ടോടുകൂടി ഇതു വരും എന്നു ഞാൻ കരുതുന്നു.

*? ഇൻഡ്യയിൽ മിഷൻ പ്രവർത്തനം ......... ?*

ഇൻഡ്യയിൽ യേശുവിൻെറ സ്നേഹം കാണിക്കുന്ന മിഷൻ ഉണ്ടാകണം. നിർബ്ബന്ധിത സ്നാനം ആവശ്യമില്ല. അതു് മനുഷ്യാവകാശത്തിൽപ്പെട്ടതാണ്. വ്യക്തി ആഗ്രഹിക്കുന്നെങ്കിൽ മാത്രം നൽകിയാൽ മതി.

**ഇന്നത്തെ മിഷൻ സ്ഥാപനവൽക്കരിച്ചിരിക്കുകയാണ്. ഇതു് ബൂർഷ്വാ സമീപനമാണ്. പട്ടണങ്ങൾ കേന്ദ്രീകരിച്ചുള്ള മിഷൻ ലാഭകൊയ്ത്താണ്. സ്കൂൾ നടത്തുന്നതാണ് ക്രിസ്തീയ മിഷൻ എന്ന ധാരണയാണ് പലർക്കും. ഗ്രാമങ്ങളിലേക്ക് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കണം. മെഴുകുതിരി കത്തിയെരിയുന്നതു പോലെ ത്യാഗോജ്ജ്വലമായി കത്തിയെരിയണം.**

*? മിഷൻ പ്രവർത്തനങ്ങൾ ......?*

എൻെറ ഹൃദയ ശസ്ത്രക്രിയ കഴിഞ്ഞതിനു ശേഷം പ്രധാനമായും നാല് സംരംഭങ്ങളാണുള്ളതു്.

1 കുഷ്ഠരോഗികളുടെ കുഷ്ഠമില്ലാത്ത പെൺകുട്ടികൾക്കു് വിദ്യാഭ്യാസം നൽകുന്ന പൂനയിലെ ദേഹു റോഡിലുള്ള സെൻറ് ജോർജ് ബാലികാഗ്രാം.

2 ഭാരതത്തിൽ ഇന്നും പട്ടിണി മരണം അവശേഷിക്കുന്ന ഒറിസ്സായിലെ കലഹണ്ടിയിലെ മിഷൻ പ്രവർത്തനം.

3 മദ്ധ്യപ്രദേശിലെ ഇററാർസിയിൽ കുഷ്ഠ രോഗികളുടെ കുഞ്ഞുങ്ങൾക്കായുള്ള ബാലഗ്രാം.

4 മലങ്കര സഭയുടെ സഞ്ചാര മിഷൻെറ പ്രഥമപദ്ധതിയായ 'സ്നേഹസന്ദേശം'.





ഇവ കൂടാതെ നിരക്ഷരരായ കുട്ടികളുടെ വിദ്യാഭ്യാസത്തെ മുൻനിർത്തി പീക്ക് (Promoting Education for All Kids-peak) എന്നൊരു പ്രസ്ഥാനവും പ്രവർത്തിക്കുന്നു. മിഷൻ പ്രവർത്തനത്തിനായി ദൈവം കൂടുതൽ ശക്തി തരുന്നു.

*? മിഷൻ പരിശീലനം ......?*

സഭയുടെ പ്രഥമ മിഷൻ പരിശീലന കേന്ദ്രമാണ് മാവേലിക്കര സെൻറ് പോൾസ്. 1979-ൽ സഭ മിഷൻ ട്രെയിനിങ്ങ് സെൻററായി ഉയർത്തി. ഇവിടെ പരിശീലനം പൂർത്തിയാക്കിയ 60-ൽ അധികം സുവിശേഷകർ ഭാരതത്തിൻെറ വിവിധഭാഗങ്ങളിൽ പ്രവർത്തിക്കുന്നു. ഇപ്പോൾ പത്താം ബാച്ചിൽ ഒൻപതു പേർ പഠിക്കുന്നു.

*? സ്നേഹ സന്ദേശം പ്രവർത്തനങ്ങൾ ......?*

മിഷൻ പ്രവർത്തന രംഗത്ത് ഊഷ്മളമായ സ്വീകരണമാണ് സ്നേഹ സന്ദേശത്തിന് ലഭിച്ചതു്. ഇൻഡ്യയിലെ 500–ഓളം കേന്ദ്രങ്ങൾ ഇതിനോടകം സന്ദർശിച്ചു. മഴക്കാലം ഒഴികെ എല്ലാ സമയങ്ങളിലും തിരക്കിട്ട പ്രോഗ്രാമാണ് സ്നേഹ സന്ദേശത്തിനു്.

*? മിഷൻ പ്രവർത്തനങ്ങളിൽ ഇലക്ട്രോണിക് മാധ്യമങ്ങൾ വേണ്ടേ ?*

വേണം. മിഷൻപ്രവർത്തനത്തിനായി ഇലക്ട്രോണിക് മാധ്യമങ്ങൾ ഉപയോഗിക്കണം. ഇഡ്യയിലെ പ്രക്ഷേപണനിലയങ്ങൾ സുവിശേഷ പ്രക്ഷേപണം അനുവദിക്കാത്തതിനാൽ വിദേശ ഏജൻസി വഴി വേണം പ്രക്ഷേപണം നടത്തുവാൻ. വളരെ പണച്ചെലവുള്ളതെങ്കിലും സുവിശേഷ ഘോഷണത്തിനു് ഇതു് തുറന്ന വാതിലാകുന്നു.

മാധ്യമങ്ങൾക്ക് വലിയ സ്വാധീനമുണ്ട്. അതു നാം മനസ്സിലാക്കി മിഷൻ പ്രവർത്തനങ്ങൾക്കായും ഉപയോഗിക്കണം. റേഡിയോ, ടെലിവിഷൻ തുടങ്ങിയ മാധ്യമങ്ങളും മിഷൻ പ്രവർത്തനത്തിനായി ഉപയോഗിക്കാവുന്നതാണു്

*? എ. ഡി. രണ്ടായിരം ആകുമ്പോഴുള്ള മിഷൻ ദർശനം എന്താണ് ?*

ദാരിദ്ര്യത്തിൻെറയും നിരക്ഷരതയുടെയും പീഡനത്തിൻെറയും കദനകഥകളാണ് ഇൻഡ്യയിലെ ഭൂരിപക്ഷം ഗ്രാമങ്ങൾക്കും പറയുവാനുള്ളത്. എ. ഡി. രണ്ടായിരത്തിനു മുമ്പ് ഇൻഡ്യയിലെ ദരിദ്രരോട് പങ്കുചേരുന്ന മിഷൻ ഉണ്ടാകണം

ഇൻഡ്യയിലെ എല്ലാ സംസ്ഥാനത്തും ഓരോ മിഷൻ കേന്ദ്രമെങ്കിലും തുടങ്ങണം എല്ലാ ഭാഷകളിലും 'തക്സാ' ഭാഷാന്തരപ്പെടുത്തണം. അതതു ഭാഷകളിൽ ആരാധന ഉണ്ടാക്കണം. ഗ്രാമങ്ങളുടെയും ചേരി പ്രദേശങ്ങളുടെയും വിമോചനം ലക്ഷ്യമാക്കിയുള്ള മിഷൻ സ്വഭാവം രൂപപ്പെടുത്തണം.

### ? *ഓർത്തഡോക്സ് സഭക്ക് മിഷൻ ആഭിമുഖ്യം ഇല്ലാതിരുന്നതെന്ത്....?*

അനച്ചവെള്ളത്തിൽ ചാടിയ പൂച്ച പച്ചവെള്ളം കണ്ടാലും പേടിക്കും എന്ന രീതിയാണ്. സി. എം. എസ്. മിഷൻ ശക്തമായപ്പോൾ അനേകർ സഭയിൽ നിന്നും പോയി. അനേകർ കത്തോലിക്കാ സഭയിലും ആയി. അറിഞ്ഞോ അറിയാതെയോ മിഷനോട് ഒരു വിമുഖത വളർന്നു.

പരിശുദ്ധ പരുമല തിരുമേനിയും, പത്രോസ് മാർ ഒസ്താത്തിയോസും പെക്കൻഹാം വാഷും മിഷൻ പ്രവർത്തനത്തിനു മുഖ്യ പ്രാധാന്യം നൽകി. മിഷന് ഇപ്പോൾ പുതിയ ആവേശമാണ്. മിഷൻ പ്രവർത്തനങ്ങളെ കുറിച്ച് സഭ ഇപ്പോൾ നല്ലഅവബോധം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു.

### ? *മിഷൻ ബോർഡിന്റെ പ്രവർത്തനം എങ്ങനെ ?*

സഭയിൽ മിഷൻ പ്രവർത്തനങ്ങൾക്കായി മിഷൻ സൊസൈററി രൂപീകരിച്ചിട്ടുണ്ട്. അതിന്റെ അംഗീകാരമുള്ളതാണ് മിഷൻ ബോർഡ്.

മിഷൻ ബോർഡ് ഇന്ധ്യയിലാകെ മിഷൻ പ്രവർത്തനത്തിനുള്ള രൂപരേഖ ക്രമീകരിച്ചു വരുന്നു. മിഷൻ ട്രെയിനിങ്ങ് സെൻററിൽ പഠനം പൂർത്തിയാക്കുന്നവരാണ് പ്രധാനമായും മിഷൻ പ്രവർത്തനങ്ങളിൽ വ്യാപൃതരാകുന്നത്.

കേരളത്തിൽ ഒൻപതു കേന്ദ്രങ്ങളും പത്ത് പ്രസ്ഥാനങ്ങളും മിഷന്റേതായുണ്ട്. ധാരാളം ആളുകൾ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുന്നുണ്ട്. ആനപറമ്പ് ഇടവക ആയിരം രൂപയും മൈലപ്ര ഇടവക രണ്ടായിരം രൂപയും പ്രതിമാസം മിഷൻ പ്രവർത്തനങ്ങൾക്കായി നൽകുന്നുണ്ട്. ഇത്തരം മാതൃകകൾ കൂടുതൽ ഉണ്ടാകണം.

### ? *മിഷൻ പ്രവർത്തനത്തിന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ.?*

മിഷൻ പ്രവർത്തനത്തിന് സാമ്പത്തികപ്രതിസന്ധി വളരെയാണ്. കൃത്യമായി ആരും ദശാംശം മാററിവെയ്ക്കുന്നില്ല. ചിലർ മാത്രമെ മിഷനോട് പ്രത്യേക താല്പര്യം കാണിക്കുന്നുള്ളു. ധാരാളം സെൻററുകൾ ഉണ്ടെങ്കിലും മിഷൻ പ്രവർത്തകർ കുറവാണ്.

വൈദികരും മെത്രാപ്പോലിത്തന്മാരും ഒരുപോലെ ഉത്സാഹിച്ചെങ്കിലെ ഫലപ്രദമായി മിഷൻ പ്രവർത്തനം നടത്തുവാൻ കഴിയൂ.

രണ്ടായിരം ആകുമ്പോൾ മിഷൻ രംഗത്ത് പുത്തൻ ഉണർവുണ്ടാകും. തീർച്ച.

ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ ※



## ഇടയലേഖനം



വാത്സല്യ മക്കളെ,

മാർത്തോമ്മാ ശ്ലീഹായുടെ ദുഃഖ്റോനോ ഈ മാസം (ജൂലൈ മൂന്ന്) ആചരിച്ചല്ലോ. ഭാരത ജനതയ്ക്ക് ദൈവിക ജ്ഞാനത്തിന്റെ പ്രകാശം പകർന്നു നൽകിയ ആ പരിശുദ്ധ പിതാവിനോട് സഭയ്ക്കുള്ള കടപ്പാട് സീമാതീതമാണ്.

യേശുനാഥന്റെ കല്പനയെ ശിരസാവഹിച്ച ദുർഘടവും അപകട സമ്പൂർണ്ണവുമായ ഒരു ദീർഘയാത്ര ചെയ്ത് മലങ്കരയിൽ എത്തി കർത്തൃവചനങ്ങൾ ഉൽഘോഷിക്കുകയും നാനാജാതിമതസ്ഥരെ സഭയിലേക്ക് ആകർഷിക്കുകയും ''മലങ്കരയെ ഭരിപ്പാനായി കശ്ശീശാന്മാരെ വാഴിച്ച് സഭയെ കെട്ടുറപ്പുള്ളതാക്കുകയും ചെയ്ത ആ പുണ്യശ്ലോകനെ മറക്കുന്നതെങ്ങിനെ. താൻ ആർക്കുവേണ്ടി ഇത്രമാത്രം കഷ്ടതയും പ്രയാസവും സഹിച്ചോ ആ ഗുരുവും നാഥനും ആയവനുവേണ്ടി രക്തസാക്ഷി മരണവും പ്രാപിച്ചു.

കർത്താവ് ഉയർത്തെഴുന്നേററു എന്ന സത്യം മററുശിഷ്യന്മാർ കണ്ടു വിശ്വസിച്ചു. മററ് അപ്പോസ്തോലന്മാരെപ്പോലെ തന്നെ കർത്താവിനു വേണ്ടി സുവിശേഷവേല ചെയ്തു. സഭ സ്ഥാപിച്ചു. രക്ത സാക്ഷിമരണം പ്രാപിച്ചു. മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനം എന്നതിൽ 'സിംഹാസനം' എന്ന പദംകൊണ്ട് ഉദ്ദേശിക്കുന്നത് അധികാരത്തിന്റെ ചിഹ്നം എന്ന രീതിയിൽ മാത്രമാണ്. ശ്ലീഹന്മാരെല്ലാവരും എപ്പിസ്ക്കോപ്പന്മാരാണെന്നും അവർക്കെല്ലാവർക്കും സിംഹാസനം ഉണ്ടെന്നും വേദപുസ്തകം സാക്ഷിക്കുന്നു. തന്മൂലം എല്ലാ എപ്പിസ്ക്കോപ്പൽ സഭകളും ഇതു് ഇന്നും വിശ്വസിക്കുന്നു. ''മാർത്തോമ്മാ ശ്ലീഹാ ഒരു പുരോഹിതൻ പോലും അല്ലാതിരിക്കെ എങ്ങനെ എപ്പിസ്ക്കോപ്പാ ആയി ? എപ്പിസ്ക്കോപ്പാ അല്ലാതിരിക്കെ എങ്ങനെ സിംഹാസനം ഉണ്ടായി'' എന്നൊക്കെ വാദിക്കേണ്ടതും സ്ഥാപിക്കേണ്ടതും ചിലരുടെ ആവശ്യമാണെന്ന് നാം മനസ്സിലാക്കുന്നു. കണ്ണടച്ചിരുട്ടാക്കാൻ ശ്രമിച്ചാൽ ഇരുട്ടാകയില്ല എന്ന് ഈക്കൂട്ടർ മനസ്സിലാക്കുന്നില്ല.

മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനം എന്നതു് മലങ്കരസഭയുടെ തനതായ വ്യക്തിത്വത്തിന്റെയും, സ്വയംഭരണാവകാശത്തിന്റെയും, അഭിമാനത്തിന്റെയും, സ്വാതന്ത്ര്യത്തിന്റെയും ചിഹ്നമാണ്. മൺമറഞ്ഞുപോയ നമ്മുടെ പരിശുദ്ധ പിതാക്കന്മാർ ചോരയും നീരും നൽകി വളർത്തിയെടുത്തതാണ് ഈ സഭ. മാർത്തോമ്മാ ശ്ലീഹായ്ക്ക് പട്ടമില്ലെങ്കിൽ

സിംഹാസനവും ഇല്ല. അങ്ങനെയെങ്കിൽ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിക്കപ്പെട്ട മലങ്കരസഭ സഭയെ അല്ല. സഭയാകണമെങ്കിൽ മററു് സഭയോടു് ചേർന്നു നിൽക്കണം. ഇതാണു് ചിലരുടെ സ്വപ്നം.

സുപ്രീംകോടതി വിധിയിലൂടെ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനം എന്ന നമ്മുടെ വിശ്വാസവും, കാതോലിക്കേററിന്റെ പുനഃസ്ഥാപനവും, കാതോലിക്കോസിന്റെ പരമാധികാരവും, സഭയുടെ ഉാംഭരണ സ്വാതന്ത്ര്യവും, മലങ്കരമെത്രാപ്പോലിത്തായ്ക്കു് മലങ്കരസഭാ സ്വത്തിന്മേലുള്ള അവകാശവും സംശയാതീതമായി തെളിയിച്ചിരിക്കുകയാണു്.

ഇതു് എക്യുമെനിസത്തിന്റെയും അനുരഞ്ജനത്തിന്റെയും കാലഘട്ടമാണു്. ദശാബ്ദങ്ങളായി സഭയിലെ ഇരുവിഭാഗങ്ങൾ തമ്മിൽ തീരാപ്പോരാട്ടവും അവസാനിക്കാത്ത വ്യവഹാരവുമായി നീങ്ങുന്നതു് ശോചനീയമാണു്. വ്യവഹാരങ്ങളും തർക്കങ്ങളും ശാശ്വതമായി അവസാനിപ്പിക്കുവാനായി ഇരുവിഭാഗങ്ങളും ചർച്ചകൾ ആരംഭിച്ചു. ഇതിനോടകമായി ഇരുകൂട്ടരുടെയും സംയുക്ത സമ്മേളനങ്ങളും നടന്നുകഴിഞ്ഞു. പ്രസ്തുത ചർച്ചകളിലൂടെ ഇരുവിഭാഗക്കാർക്കും സ്വീകാര്യമായ ഒരു ഒത്തുതീർപ്പു് സാധ്യമാകുമെന്നും അതിലൂടെ ശാശ്വത സമാധാനം സഭയിൽ സ്ഥാപിക്കുവാൻ കഴിയുമെന്നും പ്രത്യാശിക്കുന്നു.

സഭയിൽ സമാധാനം അനിവാര്യമാണു്. കലഹിച്ചുകൊണ്ടും വ്യവഹാരം നടത്തിക്കൊണ്ടും സമയം വൃഥാചെലവഴിക്കുന്ന സഭയ്ക്കു് കർത്തൃസുവിശേഷം പ്രചരിപ്പിക്കുവാനൊ ഭാരതത്തെ ക്രൈസ്തവൽക്കരിക്കുവാനോ സാധ്യമാകയില്ല. എന്നാൽ അനുരഞ്ജനം എന്ന പേരിൽ സഭയുടെ ഉാംഭരണ സ്വാതന്ത്ര്യവും വ്യക്തിത്വവും ത്യജിക്കുവാനും സാധ്യമല്ല. ഇലയ്ക്കും മുള്ളിനും കേടില്ലാത്തരീതിയിൽ വേണം ഈ പ്രശ്നം പരിഹരിക്കുവാൻ. ഏതെങ്കിലും തരത്തിൽ ഒരു ചെറിയ വീഴ്ച എവിടെയെങ്കിലും പററിയാൽ സഭയ്ക്കതു് അപരിഹാര്യമായ നഷ്ടം ആയിരിക്കുകയും ചെയ്യും.

ഇവിടെയാണു് സഭാമക്കളുടെ സഭാവിശ്വാസത്തിന്റെ മാററുരയ്ക്കുന്നതു്. സഭയുടെ കാതലായ വിശ്വാസാചാരങ്ങൾക്കൊ, കാനോനാകൾക്കൊ, ഭരണഘടനയ്ക്കൊ, കോടതിവിധിയ്ക്കൊ യാതൊരു ഭംഗവും വരുത്താതെയുള്ള ഒരു യോജിപ്പാണു് ആവശ്യം. സഭയുടെ എപ്പിസ്ക്കോപ്പൽ സുന്നഹദോസിലെ അംഗങ്ങളായ ഞങ്ങളോരോരുത്തർക്കും അനുരഞ്ജനസമിതി അംഗങ്ങൾക്കും ഇതിനായി ദൈവകൃപ ധാരാളമായി ലഭിക്കുവാൻ ഓരോരുത്തരും പ്രാർത്ഥിക്കണം. സഭാനേതൃത്വത്തിൽനിന്നും പുറപ്പെടുവിക്കുന്ന കല്പനകളെയും അറിയിപ്പുകളെയും അക്ഷരം പ്രതി അനുസരിക്കുകയും വേണം.

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ.

കർത്താവിൽ നിങ്ങളുടെ ബലഹീനനായ

തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ



അഭിമുഖം

## കരിസ്മാററിക്കും മനുഷ്യ മനസ്സും

**മനശാസ്ത്രത്തിലും, കൗൺസിലിംഗിലും പ്രത്യേകം ഗവേഷണ പഠനം നടത്തിയിട്ടുള്ള ഫാ. ഒ. തോമസുമായി ഒരു അഭിമുഖം**

കരിസ്മാററിക് ധ്യാനത്തിലൂടെ ഒരു ആത്മീയ നവോത്ഥാനം കൈവരിക്കുവാൻ സാധിക്കും എന്ന ചിന്ത ചിലയാളുകളിലെങ്കിലും പ്രബലപ്പെട്ടുകൊണ്ടിരിക്കുന്ന കാലയളവാണല്ലോ ഇതു്.

*1 എന്താണ് കരിസ്മാററിക് ധ്യാനം ? ഓർത്തഡോക്സ് പാരമ്പര്യത്തിൽ കരിസ്മാററിക് ധ്യാനത്തിന് പ്രസക്തിയുണ്ടോ ? ഇതിന് മനശാസ്ത്രപരമായോ, ആത്മീയമായോ, സാമൂഹ്യമായോ എന്തെങ്കിലും അടിസ്ഥാനം ഉണ്ടോ ?*

കരിസ്മാ എന്ന വാക്കിനു് ''ദൈവകൃപ' എന്നാണർത്ഥം. മനുഷ്യന്റെ അദ്ധ്വാനഫലമല്ലാതെ ദൈവം കൊടുക്കുന്ന സൗജന്യ ദാനങ്ങളാണു് കൃപകൾ. ആദിമ സഭയിൽ അനേകം കൃപകൾ സഭയുടെ കെട്ടുപണിക്കു് ദൈവം കൊടുത്തു. മനുഷ്യൻ ചോദിച്ചു വാങ്ങിയതല്ല അവയൊന്നും പ്രത്യുത ദൈവത്തിന്റെ ദാനമായിരുന്നു.

*2 കരിസ്മാററിക് ഗ്രൂപ്പുകളെ ഏതുതരത്തിൽ കാണുന്നു?*

മനശാസ്ത്രപരമായി പറഞ്ഞാൽ മോശമായ ഒരു വൈകാരിക ആകർഷണ വലയത്തിൽ അകപ്പെട്ട വ്യക്തിക്കു് അതിനെ അതിജീവിക്കണമെങ്കിൽ അതിനേക്കാൾ ശക്തമായ മറെറാരു വൈകാരിക ആകർഷണ വലയത്തിൽ ഉൾപ്പെട്ടേ മതിയാവൂ. കരിസ്മാററിക് ധ്യാനകേന്ദ്രങ്ങളിൽ ഈ വൈകാരിക ആകർഷണീയത അവിടെ എത്തുന്നവർക്കു് അനുഭവപ്പെടുന്നുണ്ടാവാം. ആ അർത്ഥത്തിൽ അവ പ്രസക്തമാണു്.

*3 കൗൺസലിംഗ് സെൻററുകളിൽ സംഭവിക്കാത്ത വ്യതിയാനങ്ങൾ ഇങ്ങനെയുള്ള ധ്യാനകേന്ദ്രങ്ങളിൽ എന്തുകൊണ്ട് സംഭവിക്കുന്നു ?*

കൗൺസലിംഗ് സെൻററുകളിൽ ബുദ്ധിപരമായ പ്രവർത്തനങ്ങളാണു് നടക്കുന്നതു്. അവിടെ മനുഷ്യന്റെ പ്രശ്നങ്ങളെ ബുദ്ധിപരമായി വിശകലനം ചെയ്തു ബുദ്ധിപരമായി തീരുമാനങ്ങൾ എടുക്കുന്നു. എന്നാൽ അനേകം മനുഷ്യർ ഒരുമിച്ചു ചേർന്നു് ഒരു ദിശയിലേക്കു് സഞ്ചരിക്കുന്നു എന്ന തോന്നൽ ധ്യാനകേന്ദ്രങ്ങളിൽ നിന്നുലഭിക്കുകയും അതു് അവന്റെ മനസിനു് കുളിർമ്മ നൽകുകയും ചെയ്യും. ഈ കേന്ദ്രങ്ങളിൽ നിന്നു ലഭിക്കുന്ന മാനസിക, ശാരിരിക സൗഖ്യം നൂറുശതമാനവും ദൈവികമാണെന്നു് അവൻ വിശ്വസിക്കുന്നു.

സാധാരണ ജീവിതത്തിൽ ദൈവത്തെ കീഴ്പ്പെടുത്തുവാൻ ശ്രമിക്കുന്ന മനുഷ്യൻ ധ്യാനത്തിന്റെ ആത്മാവിലാകുമ്പോൾ ദൈവത്തിന് സ്വയം കീഴ്പ്പെടും.

*4 പള്ളികളിലും, കൺവൻഷൻ പന്തലുകളിലും ലഭിക്കാത്ത സായൂജ്യം ധ്യാനകേന്ദ്രങ്ങളിൽ നിന്നു ലഭിക്കുന്നതായി തോന്നുന്നുണ്ടോ ?*

പള്ളികളിലും, കൺവൻഷൻ പന്തലുകളിലും നിന്ന് ആത്മീയ നിർവൃതി നേടുന്ന അനേകം ആളുകളെ എനിക്ക് നേരിട്ടറിയാം. എന്നാൽ അവിടെ നിന്ന് ലഭിക്കുന്ന വൈജ്ഞാനികവും, ധർമ്മാധിഷ്ഠിതവുമായ ഉപദേശങ്ങളും, നിർദ്ദേശങ്ങളും മതിയാകാതെ വരുന്ന ചിലരുണ്ട്. അവരുടെ പ്രശ്നങ്ങൾ വൈകാരികമാണ്. അവർക്ക് വൈകാരിക മറുപടിയും ആവശ്യമാണ്. അങ്ങനെയുള്ളവർക്ക് ധ്യാനകേന്ദ്രങ്ങളിൽ സായൂജ്യം ലഭിച്ചേക്കാം.

*5 സഭയും ഇടവകകളും ഒരു സ്വയപരിശോധന നടത്തേണ്ടതായി തോന്നുന്നുണ്ടോ ?*

സഭയുടെ അടിസ്ഥാനപരമായ ആദ്ധ്യാത്മികത നഷ്ടമാവാതെയുള്ള എല്ലാ സ്വയപരിശോധനയും നല്ലതുതന്നെ. അതാണല്ലോ വളർച്ച. നമ്മുടെ ജനങ്ങളുടെ മാനസിക സംഘർഷങ്ങളെക്കുറിച്ച് നാം ബോധവാന്മാരാകണം അതിനുള്ള അവസരങ്ങൾ ഒരുക്കണം. ആസൂത്രിതമായ കാൽവെയ്പ്പ് അതിന് ആവശ്യമാണ്. പശ്ചാത്യ വിദ്യാഭ്യാസവും സംസ്ക്കാരവും കുറെയൊക്കെ നമ്മുടെ ഇടയിൽ കടന്നു കൂടിയതിനാൽ നമ്മുടെ തനിമ നമുക്ക് സൂവിശേഷിക്കാനാവാതെ വരുന്നുണ്ട്.

*6 അമിതമായ സംഗീത പ്രാധാന്യവും സ്തോത്രം, ഹാലേലുയ്യാ എന്നീപദങ്ങളുടെ ആവർത്തനവും നമുക്ക് നിഷിദ്ധമാണോ ?*

മനുഷ്യന്റെ സംഘർഷങ്ങളും വേദനകളും മുഴവൻ അവന്റെ നാഡീഞരമ്പുകളിലും, മജ്ജയിലും, മാംസത്തിലും കുടികൊണ്ടിരിക്കുന്നു. ഉച്ചത്തിൽ പാടുമ്പോൾ അവയുടെ ലയത്തിൽ ഈ വേദനകളും സംഘർഷങ്ങളും പുറത്തേക്കൊഴുകുന്നു. ആ അർത്ഥത്തിൽ സംഗീത പ്രാധാന്യം തെററായി കാണുവാൻ സാദ്ധ്യമല്ല. എന്നാൽ ഹാലേലുയ്യാ, സ്തോത്രം എന്നീ പദങ്ങളുടെ ആവർത്തനം അർത്ഥമറിയാത്ത ജല്പനമായി പോയാൽ നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ഭൗതികന്മാരെപ്പോലെ ജല്പനം ചെയ്യരുത് എന്ന കല്പനയ്ക്ക് വിരുദ്ധമാകും. എന്നാൽ ആത്മീയ ഗുരുക്കൾ അവരുടെ ആത്മീയചര്യകളിൽ മന്ത്രങ്ങൾ പോലെ ചില പ്രത്യേക പദങ്ങൾ ഉരുവിടാറുണ്ട്. 'ഒററമൂലി' ഗുളികപോലെ അതിന് ശക്തിയുണ്ട് അത് ഉപയോഗിക്കുവാനുള്ള ധ്യാനപരിശീലനം നേടിയവർക്കും



## വേദിയിലെ പീഡനങ്ങൾ

— *ജേക്കബ് ഉമ്മൻ, പിരളശ്ശേരി*

ഇന്ന് എവിടെയും അനിവാര്യമായ ഒന്നാണല്ലോ പ്രസംഗങ്ങൾ ?

കൺവൻഷൻ പന്തലുകൾ, ദേവാലയങ്ങൾ, സമ്മേളനങ്ങൾ, നാൽക്കവലകൾ, എവിടെയും പ്രസംഗങ്ങൾ..... ...

ദേവാലയങ്ങളിലും കൺവൻഷൻ നഗറുകളിലും ദീർഘമായ പ്രസംഗങ്ങൾ പ്രതീക്ഷിച്ചു ചെല്ലുന്നവർക്ക് അവിടുത്തെ അന്തരീക്ഷവുമായി യോജിച്ചുകഴിഞ്ഞാൽ 'പീഡനം' തോന്നാറില്ല. പരിപാ

ഉപയോഗിക്കാം. അപ്പോൾ അതു നമ്മിൽ ഉറങ്ങിക്കിടക്കുന്ന ആത്മീയ ശക്തിയെ ഉണർത്തും,

*7 പരിശുദ്ധാത്മ ദാനം ഏതെല്ലാം തരത്തിൽ പ്രവർത്തിക്കപ്പെടുന്നു ?*

പൗലോസ് അപ്പോസ്തോലൻ പറയുന്നത്. രോഗശാന്തിവരം, പ്രവചനവരം, മറുഭാഷാവരം ഇവയെല്ലാം പരിശുദ്ധാത്മാവിന്റെ വരങ്ങളാലാണെന്നാണ്. ഒരു ക്രിസ്ത്യാനിക്ക് ആത്മനിയോഗത്തിലൂടെ ഇവയെല്ലാം നേടിയെടുക്കുവാൻ സാധിക്കും. പരിശുദ്ധാത്മാവിൽ ജീവിക്കുന്നവർക്ക് അനന്ത സാദ്ധ്യതകളാണുള്ളത്. പെന്തിക്കോസ്തിയിലെ വായനാക്രമത്തിൽ പരിശുദ്ധ റൂഹായെപ്പററി രാജകീയ റൂഹാ, അറിവിന്റെ റൂഹാ, പരിജ്ഞാനത്തിന്റെ റൂഹാ തുടങ്ങിയ വ്യാഖ്യാനം നൽകുന്നു. ശിഷ്യന്മാർക്കുണ്ടായ വ്യതിയാനം തന്നെ എത്രയോ വലുതായിരുന്നു. യഹൂദൻമാരെ പേടിച്ചുകഴിഞ്ഞവർ പരിശുദ്ധാത്മാവിന്റെ ആവസിപ്പിനാൽ പുറത്തിറങ്ങി ദൈവത്തെ സാക്ഷിക്കുന്നു. ഇതെല്ലാം പരിശുദ്ധത്മദാനത്തിന്റെ ലക്ഷണങ്ങളായിട്ടു കാണുന്നു.

*8 ഒരാഴ്ചത്തെ ധ്യാനം കൊണ്ടോ, ഒരുദിവസത്തെ ധ്യാനം കൊണ്ടോ പരിശുദ്ധാത്മാവിന്റെ കൃപലഭിക്കുന്ന ഒരുവൻ പിന്നീടുള്ള അവന്റെ ജീവിതത്തിലും അതിനെ വളർത്തി എടുക്കേണ്ടേ ?*

തീർച്ചയായും വേണം. നമ്മിൽ ലഭിക്കുന്ന പരിശുദ്ധ ആത്മാവിന്റെ തീനാളം ഊതികത്തിച്ച് ജീവിതം ശോഭായാനമാക്കണം. വ്യതിയാനങ്ങൾ വൈകാരികമോ നൈമിഷികമോ ആകരുത്. അതിനുവേണ്ടിയാണ് പൗരാണിക സഭകൾ (പ്രത്യേകിച്ച് ഓർത്തഡോക്സ് സഭ) സ്ഥായി ഭാവമുള്ള ആത്മീയ നിഷ്ഠകളിലൂടെ ആദ്ധ്യാത്മീക നിലവാരം നില നിറുത്തിയിരിക്കുന്നത്.

—ബോംബൻ കൈപ്പള്ളിക്കണ്ടം

ടികഴിയുന്നതുവരെ അവിടെ ഇരിക്കാൻ വിധിക്കപ്പെട്ടവർ ശ്രദ്ധിച്ചും അല്ലാതെയും, ഉറങ്ങിയും ഉണർന്നും ഒക്കെ സമയം ചെലവഴിക്കുന്നു.

എന്നാൽ സമ്മേളനങ്ങളിൽ സംബന്ധിക്കുന്നവർക്ക് അത് വേദിയിലായാലും സദസിലായാലും അനുഭവിക്കേണ്ടിവരുന്ന പീഡനങ്ങൾ നിരവധിയാണ്.

## സമ്മേളനങ്ങൾ

അനുമോദനം, യാത്രയയപ്പ്, അനുശോചനം തുടങ്ങിയ സമ്മേളനങ്ങൾക്കാണ് ഈ പീഡനം ഏറെയുള്ളത്. മൂന്നുമണിക്ക് ആരംഭിക്കേണ്ട യോഗത്തിന് സദസ്യരിൽ ഏറിയ പങ്കും സമയത്തിനു മുമ്പുതന്നെ ഇരിപ്പിടങ്ങളിൽ സ്ഥാനം ഉറപ്പിക്കും. നോട്ടീസിൽ പേരുള്ള പ്രസംഗകരിൽ താഴെ അററത്തുള്ളവർ അതായത് പ്രോട്ടോക്കോൾ അനുസരിച്ച് വലിയ പ്രാധാന്യമില്ലാത്തവർ യഥാസമയം എത്തിച്ചേരും. അദ്ധ്യക്ഷൻ, ഉത്ഘാടകൻ തുടങ്ങിയ മഹത് വ്യക്തികൾ യഥാസമയം എത്താറില്ല. അതു് മന്ത്രിയോ മതാദ്ധ്യക്ഷനോ ആണെങ്കിൽ പ്രത്യേകം പറയുകയും വേണ്ട.

ഒരു മണിക്കൂറോ അതിലധികമോ താമസിച്ചെത്തുന്ന വിശിഷ്ടാതിഥികൾ വന്ന പാടെ സ്റ്റേജിലേക്ക് ഒരോട്ടമാണ്. ഇവിടെയാണ് ''പീഡനം'' ആരംഭിക്കുന്നതു്. കാരണം അവർക്ക് ഉടനെ പോകണം. ജനനേതാക്കളാണെങ്കിൽ അവർക്ക് അടുത്തപരിപാടിയുണ്ട്. മതനേതാക്കളാണെങ്കിൽ അവർക്ക് തിരക്കിട്ട പ്രോഗ്രാമായിരിക്കും.

സ്വാഗതപ്രസംഗം ആരംഭിക്കുകയായി. ദിവസങ്ങളോളം ശ്രമിച്ച് ശേഖരിച്ച വിവരങ്ങളും, വിശിഷ്ടാതിഥികളുടെ പ്രീതി കൈപ്പററാനുള്ള അടവുകളും ഇവിടെ വിളമ്പിതീരുമ്പോഴേക്കും മുക്കാൽ മണിക്കൂർ കഴിഞ്ഞിരിക്കും. അനുമോദനമോ യാത്രയയപ്പോ ആണെങ്കിൽ ഗുണഭോക്താവിനെ പ്രകീർത്തിക്കുവാൻ അടുത്ത അരമണിക്കൂർ ശ്രോതാക്കൾക്ക് പീഡനം തുടർന്നും അനുഭവിക്കേണ്ടിവരുന്നു. ഉത്ഘാടകനും അദ്ധ്യക്ഷനും അവരുടെ പ്രസംഗങ്ങൾ 'കലക്കി' തന്നെ കസറും. മണിക്കൂറുകളുടെ അവസാനത്തിൽ അവരുടെ ഒരു ആശ്വാസവാക്കും. സമ്മേളനം പെട്ടെന്ന് തീർക്കേണ്ടതിനാൽ ആശംസാ

> *സമ്മേളനം പെട്ടെന്ന് തീർക്കേണ്ടതിനാൽ ആശംസാ പ്രസംഗകർ ചുരുങ്ങിയ സമയമേ എടുക്കാവൂ! അതിനു ശേഷം അവർ സ്ഥലം വിടുന്നു. ഒപ്പം സദസിലുണ്ടായിരുന്നവരിൽ ചിലരും.*





പ്രസംഗകർ ചുരുങ്ങിയ സമയമേ എടുക്കാവൂ! അതിനു ശേഷം അവർ സ്ഥലം വിടുന്നു. ഒപ്പം സദസിലുണ്ടായിരുന്നവരിൽ ചിലരും

## നേരം വൈകി....

പ്രാധാന്യമുള്ള വ്യക്തികൾ സംസാരിച്ചു തുടങ്ങും. കേട്ടുകഴിഞ്ഞ കാര്യങ്ങളും, പൊങ്ങച്ചങ്ങളും വീണ്ടും വീണ്ടും കേൾക്കാം. പ്രസംഗങ്ങൾ അധിക പ്രസംഗങ്ങളായി നീളുന്നു. ഇതൊന്നു കഴിഞ്ഞുകിട്ടിയാൽ....സദസ്യർ ചിന്തിക്കുന്നു. പീഢനത്തിന് അറുതിയില്ല. കേൾവിക്കാരിൽ ചിലരെങ്കിലും സ്ഥലം വിടുന്നു.

ഇവിടെ പീഢനം അനുഭവപ്പെടുന്നതു് തുടർന്നുള്ള പ്രസംഗകർക്കാണ്. കാരണം സദസ്യർകുറവ്; ഏവരും 'വൈകിയ വേളയിൽ' തിടുക്കത്തോടെ വീർപ്പുമുട്ടുന്നു. കൂട്ടത്തിൽ സംഘാടകർ ചെവിയിൽ മന്ത്രിക്കുന്നു. ''നേരം വൈകി; സമയം കുറച്ചുമാത്രം ......''. 'ശരി' എന്നു് മറുപടി പറഞ്ഞാലും മൈക്കിനു മുമ്പിലെത്തുമ്പോൾ പരിസരം മറക്കുന്നു. 'ഉടനെ നിർത്തിയേക്കാം' എന്ന ഉറപ്പോടെ 'പീഢനം' കുറെ സമയം നീണ്ടുപോകുന്നു.

പലപ്പോഴും സംഘാടകർ പ്രോഗ്രാമിൽ സമയം രേഖപ്പെടുത്തി കാണുന്നുണ്ട്. കൃത്യമായ സമയം പാലിക്കുവാൻ നല്ലമാർഗ്ഗമാണ്. പക്ഷേ ഇവിടെ സംഭവിക്കുന്നതു് മൂന്നുമിനിററ് അനുവദിച്ചു കിട്ടിയിട്ടുള്ള ആശംസാ പ്രസംഗകൻ 30 മിനിട്ട് ഉപയോഗിക്കുന്നതാണ്. ഇവിടെയും 'പീഢനം' യഥാവിധി നടക്കുന്നു.

സമ്മേളനങ്ങൾ നടക്കുമ്പോൾ വിശിഷ്ടാതിഥികൾ സമയക്ലിപ്തത പാലിക്കുകയും, പ്രസംഗകർ അവസരോചിതമായി മാത്രം സംസാരിക്കയും സദസ്യർ മാന്യതപാലിക്കുകയും ചെയ്താൽ പ്രസംഗവേദിയിൽ പീഢനങ്ങൾ ഉണ്ടാകുകയില്ല. അതിഥികൾക്കും, സദസ്യർക്കും, സംഘാടകർക്കും!

> *പലപ്പോഴും സംഘാടകർ പ്രോഗ്രാമിൽ സമയം രേഖപ്പെടുത്തി കൊടുക്കുന്നത് കാണുന്നുണ്ട്. കൃത്യമായ സമയം പാലിക്കുവാൻ നല്ലമാർഗ്ഗമാണ്.*

# എന്നാളും കാവലായ്...!

ചാണ്ടപ്പിള്ള പി. സാം, തോട്ടപ്പുഴ

(ഉത്ഥാനത്താൽ തൻ സഭയെ വീണ്ടോനാം............എന്ന രീതി)

മാർത്തോമ്മാതൻ പ്രാർത്ഥനയാലേ നമ്മൾക്കെല്ലാം
ആദ്ധ്യാത്മികമാ മത്യുൽക്കർഷം സിദ്ധിക്കേണം
താൻ നട്ടോരീപ്പാവന സഭതൻ മക്കൾക്കെല്ലാം
സ്വർഗ്ഗത്തീന്നും നാഥൻ സദയം വരമേകട്ടേ
ഈ സിദ്ധൻ തൻ പ്രാർത്ഥന മൂലം തർക്കം നീങ്ങി
ഭൂമിയിലെങ്ങും സന്തതമൈക്യം വാണീടട്ടേ
വഴി തെറ്റിപ്പോകുന്നോർക്കൻപാൽ വഴികാട്ടേണം
പിഴകൂടാതേ ജീവിച്ചീടാൻ തുണയരുളേണം
ഉണ്ടാകട്ടേ നല്ല യുവാക്കൾ സഭയിലുമെങ്ങും
മാതൃകയായീ തീരട്ടവർനിൻ പ്രാർത്ഥനയാലേ
പട്ടക്കാർ ശെമ്മാശ്ശന്മാർക്കും പ്രാർത്ഥനയാലേ
ഉണ്ടാകട്ടേ മേൽ മേലെന്നും ദൈവിക കാന്തി
പാവനമാകും വിശ്വാസത്തിൽ അജഗണമെന്നും
മുന്നേറീടാൻ പരിശുദ്ധാനീ പ്രാർത്ഥിക്കേണം
രോഗാർത്തന്മാരസുഖംനീങ്ങി സൗഖ്യം നേടാൻ
സർവ്വേശ്വരനോടർത്ഥിക്കണമേ താതാനിത്യം
ക്ഷോണിയിലെങ്ങും ക്ഷാമം നീങ്ങി ക്ഷേമം വാഴാൻ
നിർമ്മലനാം നീയുൾക്കനിവോടെ പ്രാർത്ഥിക്കേണം
സന്താപത്താൽ വലയുന്നോർക്കാശ്വാസം നൽകി
സന്തോഷത്തോടവശന്മാരേ കരയേറേണം
പാരിതലമെങ്ങും ദീപ്തി പരത്തിക്കൂരിരുൾ നീങ്ങാൻ
മാർത്തോമ്മായാം താതാ ഞങ്ങൾക്കിടയാകേണം
ശ്ലൈഹികമാകും കൈവയ്പ്പേകി പൗരോഹിത്യം
ഈ മലനാട്ടിൽ ശാശ്വതമായ് സംസ്ഥാപിച്ചോനേ
നിർമ്മലനേ നീ കാട്ടിയതാകും പാതയിലൂടേ
യാനം ചെയ്‌വാനെന്നും ഞങ്ങൾക്കിടയാകേണം
പരിശുദ്ധന്റേ മദ്ധ്യസ്ഥതയീ മക്കൾക്കെല്ലാം
കാവലതായീ തീർന്നീടട്ടേയെല്ലാനാളും
രക്തം ചിന്തീ ഭാരത സഭയേ നട്ട പിതാവേ
ഭക്ത്യാ ഞങ്ങൾ കൊണ്ടാടീടും നിൻ ദുഖറോനോ



കഥ

# ജനസേവകൻ

— ജോസ് കെ. തേലപ്പുറം

രാവിലെ ഒൻപതിന് ഒരു ബസ്സുണ്ട്. ഒരു നേരമെ അത് വരത്തുള്ളു. മണലുങ്കൽ നാട്ടുകാരെ നഗരവുമായ് ബന്ധിക്കുന്ന ചങ്ങലയായിരുന്ന ആ ബസ്. പച്ചക്കറിയുമായ് ചന്തയിലേക്ക് പോകുന്നവർ, തൊഴിൽ തേടി പോകുന്നവർ, വിദ്യാർത്ഥികൾ തുടങ്ങിയവർ എന്നും ഈ ബസ്സിലാണ് പോകുന്നത്. അവിടത്തെ മുഖ്യനേതാവാണ് ബസ്സ് കൊണ്ടുവന്നത്. അതുകൊണ്ട് തന്നെ അദ്ദേഹത്തിന്റെ കൂടെ പ്രവർത്തിക്കുന്നവർക്ക് ബസ്സിൽ യാത്ര സൗജന്യമായിരുന്നു.

“രാഷ്ട്രീയം എന്നാൽ ജനങ്ങളെ സേവിക്കുകയെന്നതാണ്. ജനസേവനം കൊണ്ടുദ്ദേശിക്കുന്നത് എല്ലാതരക്കാരുടെയും ഉന്നമനമാണ്. ജാതിയും മതവും രാഷ്ട്രീയത്തിന്റെ മുമ്പിൽ ഒന്നുമല്ലാതാവണം. മനുഷ്യനെ ഒരു ചങ്ങലയിൽ നിർത്താൻ രാഷ്ട്രീയത്തിന് മാത്രമെ സാധിക്കൂ...” മണലുങ്കൽ ജംഗ്ഷനിൽ ഒരു പ്രചരണയോഗം നടക്കുകയാണ്. തെരഞ്ഞെടുപ്പ് അടുത്ത് വരികയാണ്. പല രാഷ്ട്രീയക്കാരും പല ആദർശവും പറഞ്ഞ് പാവങ്ങളെ വിഡ്ഢികളാക്കാൻ ഇറങ്ങിയിരിക്കുകയാണ്. പിച്ചപ്പാത്രം എന്തി നില്ക്കുന്ന ഭിക്ഷക്കാരെക്കാൾ ദയനീയതയിൽ രാഷ്ട്രീയ ഭിക്ഷക്കാർ ജനങ്ങളുടെ മുമ്പിൽ കേഴുകയാണ്, അഭ്യർത്ഥിക്കുകയാണ്. അവർ തമ്മിൽ കരിവാരിതേച്ച് കാണിക്കുമ്പോൾ ഒരു മത്സരം ആസ്വദിക്കുന്ന കാണികളെപ്പോലെ ജനങ്ങൾ ചിരിക്കുന്നു.

‘ഇറവിടെയാര് ജയിക്കും ജേക്കബെ’ താമരാക്ഷൻ ചോദിച്ചു ‘സംശയമെന്ത് നമ്മുടെ പാർട്ടി തന്നെ’’

ജേക്കബ് മണലുങ്കൽ പ്രദേശത്തെ ജനസമ്മതിയാർജ്ജിച്ച ഒരു രാഷ്ട്രീയ നേതാവാണ് മുഖ്യനേതാവിന്റെ വലംകൈയ്, ജനങ്ങളുടെ പ്രിയംകരൻ, ജാതി-മത ഭേദമെന്യ ജനങ്ങളെ സഹായിക്കുന്ന നേതാവ്, ആദർശവീരൻ, സൽസ്വഭാവി, ദൈവഭക്തൻ, ഇവയായിരുന്നു ജേക്കബിന് നാട്ടുകാർ നല്കിയിരുന്ന സർട്ടിഫിക്കേറ്റ്. നാടിന്റെ വിളക്കായിരുന്ന ജേക്കബ്. വാസ്തവത്തിൽ മുഖ്യനേതാവ് അവിടെ തലയുയർത്തി നടക്കുന്നത് ജേക്കബിന്റെ പ്രതിഛായയിലാണ്.

ഉയർന്നവനെന്നും താണവനെന്നും വേർതിരിച്ച് അവരിൽ വർഗ്ഗീയതയുടെ വിഷവിത്തുകൾ പാകി രാഷ്ട്രീയ മുതലെടുക്കുകയായിരുന്നു രഘുചന്ദ്രന്റെ ലക്ഷ്യം. അതിൽ എറെക്കുറെ അയാൾ വിജയം വരിക്കുകയും ചെയ്തു. ശ്രീനാരായണ ഗുരുവിനെ അറിയാത്തവൻ പോലും ആ

ദിവ്യതേജസ്സിന്റെ പേരിൽ കലഹിക്കുന്നു. ബൈബിളിന്റെയും ഖുറാന്റെയും പൊരുളറിയാതെ ഒരു രാഷ്ട്രീയ പാർട്ടിയുടെ വിജയത്തിനായി അന്യോന്യം തമ്മിലടിക്കുന്നു.

ഒന്നാം ക്ലാസ്സു മുതലെ ജേക്കബ്ബും രഘുചന്ദ്രനും ഒന്നിച്ചായിരുന്നു പഠിച്ചതും വളർന്നതും. എന്നാൽ രാഷ്ട്രീയത്തിലും, സ്വഭാവത്തിലും ആ ഒരുമ രണ്ടുപേർക്കും നിലനിർത്താനായില്ല. എന്നുവച്ച് അവർക്കിടയിൽ യാതൊരു അകൽച്ചയുമുണ്ടായിരുന്നില്ല.

ഒരു ബസ്സ് തുടങ്ങിയെന്നല്ലാതെ ജനപ്രതിനിധിയെന്ന നിലയിൽ യാതൊരു പ്രവർത്തനവും മുഖ്യനേതാവ് ചെയ്തിരുന്നില്ല. അതു കൊണ്ട് തന്നെ ആ മണ്ഡലത്തിൽ അദ്ദേഹത്തിന്റെ നില പരുങ്ങലിലായിരുന്നു. ജനങ്ങളെ ആകർഷിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നില്ല. ജയം അദ്ദേഹത്തിന് കൈയ്യെത്താ ദൂരത്തായിരുന്നു.

വെള്ളിയാഴ്ച ദിവസം ബസ്സിൽ ഭയങ്കര തിരക്കാണ്. ചന്തയുള്ള ദിവസമാണ്. ധാരാളം ആൾക്കാർ പച്ചക്കറികളുമായ് കാണും ജംഗ്ഷനിൽ ബസ്സും കാത്ത്.

''ഹാ! രഘുവേ: എങ്ങോട്ടാ രാവിലെ'' ബസ്‌സ്റ്റോപ്പിൽ നിൽക്കുന്ന രഘുചന്ദ്രനോട് ജേക്കബ് ചോദിച്ചു.

''ഓ ഇലക്ഷൻഓഫീസ് വരെ താനൊ''

''ഞാൻ ടൗണിൽവരെ പോകുവാ നേതാവിനെയൊന്ന് കാണണം ദാ ബസ്സ് വന്നല്ലോ''

''പച്ചക്കറിയൊക്കെ തീരെ മോശമാ. നമ്മുടെ സർക്കാര് കയറുമ്പോൾ വല്ലതും ചെയ്യുമോ മോനെ'' ടിക്കററ് എടുക്കുന്നയിടയിരു ഫിലിപ്പോച്ചൻ ചോദിച്ചു.

''ദാ ചെയ്യും ചെയ്യും രണ്ടുലക്കചെയ്യും'' രഘുചന്ദ്രനാണ് ഉത്തരം പറഞ്ഞത്. ''ഇവന്റെ സർക്കാര് എന്തവാ ചെയ്തിട്ടുള്ളത്''

''എടോ നല്ലതിനെ വെറുതെ മറക്കാൻ കഴിവുള്ള പാർട്ടിയാ നിങ്ങളുടേത്. നാടിന്റെ ശാപമായ ചാരായം നിരോധിച്ചില്ലേ''

''ഉവ്വേ. അയ്യോ അതുകൊണ്ടിവിടിപ്പം ചരായം തീരെയങ്ങില്ലല്ലോ. എടോ തന്റെ നേതാവിന് ഞാൻമേടിച്ച് കൊടുത്തിട്ടുണ്ട് ഒന്നാന്തരം പട്ട'' രഘുചന്ദ്രൻ വാശിയോടെ പറഞ്ഞു.

''ചന്ദ്രാ, തന്റെ സ്ഥാനാർഥിയെ ഇപ്പം പിഴിഞ്ഞാൽ കിട്ടും ഒരു ലിററർ ചാരായം'' യാത്രക്കാർ ഇവരെ ശ്രദ്ധിച്ചുകൊണ്ട് നില്ക്കെ രഘു അരയിൽ നിന്നും കത്തിയെടുത്ത് ജേക്കബിനെ ആഞ്ഞ് ആഞ്ഞ് കുത്തി. ബസ്സിൽ നിന്ന യാത്രക്കാർ പരിഭ്രാന്തരായ് ബസ്സ് വഴിയോരത്ത് നിർത്തി. അപ്പോഴെക്കും ചോരയിൽ കുളിച്ച് ജേക്കബ് അന്ത്യശ്വാസം വലിച്ചു.

''തോമസെ, ചാക്കോച്ചാ വാടാ നമുക്ക് നേതാവിനെ വിവരം ഫോൺ വിളിച്ച് പറയാം'' ചെറുപ്പക്കാർ അടുത്തുള്ള ടെലിഫോൺ ബൂത്തിലേക്ക് ഓടിക്കയറി.



# സഭ ദേശീയധാരയിൽ

*—വിനോദ് ജോർജ്ജ്, ആറാട്ടുപുഴ*

ഭാരതത്തിൽ ക്രിസ്തുമതം മുളയെടുത്തിട്ട് ഇരുപത് ശതാബ്ദങ്ങൾ കഴിയുകയാണ്. ക്രിസ്തു ശിഷ്യനായ സെന്റ് തോമസിൽ നിന്നും നമ്മുടെ പിതാക്കന്മാർ ഒന്നാം നൂററാണ്ടിൽ തന്നെ ക്രിസ്തുമതം സ്വീകരിച്ചു. എങ്കിലും ഇതുവരെയായിട്ടും ഭാരതത്തിലെ ക്രിസ്തുമതം തികച്ചും ഭാരതീയമായിട്ടില്ല. അക്കാരണത്താൽ ക്രിസ്തുസഭാ വൃക്ഷം ഭാരതത്തിലാകെ പടർന്നു പന്തലിച്ചുമില്ല.

## ഭാരതീയമായ സഭ

ക്രിസ്തുമതം ദേശകാല സംസ്കാരാനുസൃതമായി നമ്മുടെ ഭാരതത്തിൽ അവതരിക്കണമെങ്കിൽ ക്രിസ്തുമതം ഭാരതീയ സംസ്കാരത്തിന്റെ ഉത്തമാംശങ്ങളെ മുഴുവൻ ഉൾക്കൊള്ളണം. സ്വാംശീകരിക്കണം. ഭാരതത്തിലെ മണ്ണിൽ നിന്ന് അത് വളം വലിച്ചെടുത്ത് വളരണം. നമ്മുടെ മഹത്തായ കലകളെയും ആചാരാനുഷ്ഠാനങ്ങളെയും മതദർശനത്തെയും തത്വചിന്തയെയും സംസ്കാരത്തെയുമെല്ലാം ക്രിസ്തുമതം സ്വാംശീകരിച്ച് ക്രൈസ്തവീകരിച്ച് ഭാരതത്തിൽ ക്രിസ്തു മതത്തിനു പുതുരൂപവും നവചൈതന്യവും നൽകണം.

ഭാരതത്തിന്റെ മഹത്തായ കലകൾ, ഗഹനമായ തത്വചിന്ത, ഉദാത്തമായ ആദ്ധ്യാത്മികത, മതപരമായ ഉൾക്കാഴ്ചകൾ ഉൽകൃഷ്ടമായ ആചാരാനുഷ്ഠാനങ്ങൾ മുതലായവയെ സ്വായത്തമാക്കി ക്രിസ്തുമതപ്രകാശന മാദ്ധ്യമങ്ങളായി മാററുന്നതിൽ ഭാരതക്രൈസ്തവ സഭ വേണ്ടത്ര യത്നം നടത്തീട്ടില്ല.

## വിദേശ മേൽക്കോയ്മ

ഭാരതത്തിന്റെ ശില്പകലാ വൈദഗ്ദ്ധ്യമോ അനശ്വര സംഗീത

''ഹലോ സാറാണോ. സാറെ നമ്മുടെ ജേക്കബിനെ കുത്തികൊന്നു''

''ആരാ കൊന്നത്'' മറുതലയിൽ നേതാവിന്റെ ശബ്ദം

''മററേ പാർട്ടിയിലെ നേതാവ് രഘുചന്ദ്രനാ''

''ഹാവൂ നമ്മള് രക്ഷപ്പെട്ടടാ. ഈ പ്രാവശ്യം നമ്മള് ജയിക്കും എന്നതിനൊപ്പം'' 

പണത്തിന്റെയും അധികാരത്തിന്റെയും ലഹരിപിടിച്ച് നടക്കുന്ന രാഷ്ട്രീയക്കാർ. അവർക്കിടയിൽ കിടന്ന് ചതഞ്ഞു മരിക്കുന്ന നാളെയുടെ വാഗ്ദാനങ്ങൾ. ഈ അധികാര ലഹരി ഏതെങ്കിലും സർക്കാരിന് നിരോധിക്കാനാവുമോ ?

മോ ഒന്നും ഭാരത ക്രൈസ്തവർ യഥാവിധി സ്വായത്തമാക്കിട്ടില്ല. ഭാരത ക്രൈസ്തവ സഭയ്ക്ക് തികച്ചും ഭാരതീയമായ രൂപഭാവങ്ങൾ നൽകുന്നതിൽ നമ്മുടെ പൂർവ്വികന്മാർ വളരെയേറെ വിജയിച്ചിട്ടില്ല എന്നു വേണം പറയുവാൻ. ഒരു പക്ഷേ അത് അവരുടെ കുറ്റമായിരിക്കുകയില്ല. 16–ാം ശതകം വരെ ഭാരത ക്രൈസ്തവ സഭ കേരളത്തിൽ മാത്രമായി ചുരുങ്ങിപ്പോയിരുന്നു. കേരള സഭയാകട്ടെ മദ്ധ്യപൂർവ്വ ദേശങ്ങളിലെ (പേർഷ്യയിലെയും സിറിയയിലെയും) ക്രൈസ്തവ സഭകളെ ആവശ്യത്തിലേറെ ആശ്രയിച്ചു കഴിയുകയും ചെയ്തിരുന്നു.

> *നമ്മുടെ മഹത്തായ കലകളെയും ആചാരാനുഷ്ഠാനങ്ങളെയും മതദർശനത്തെയും തത്ത്വചിന്തയെയും സംസ്ക്കാരത്തെയുമെല്ലാം ക്രിസ്തുമതം സ്വാംശീകരിച്ച്, ക്രൈസ്തവീകരിച്ച് ഭാരതത്തിൽ ക്രിസ്തുമതത്തിന് പുതുരൂപവും നവചൈതന്യവും നൽകണം.*

16–ാം നൂറ്റാണ്ടിൽ പോർട്ടുഗീസുകാരുടെ വരവുവരെ ഈ നാട്ടിൽ കേരളീയരായ മെത്രാന്മാർ ആരും ഉണ്ടായിട്ടില്ല. അതിന്റെയെല്ലാം ഫലമായി കേരളസഭയ്ക്കും ഭാരതസഭയ്ക്കും നല്ല നേതൃത്വവും വ്യക്തിത്വവും ഇല്ലാതെപോയി. അതിനാൽ ക്രിസ്തുസഭ ഇവിടെ ഭാരതീയമായില്ല, ശരിയായി വളർന്നുമില്ല.

## ദേശീയ ബോധം

ഏതായാലും അടുത്തകാലത്ത് ഭാരതത്തിൽ പൊതുവെയും കേരളത്തിൽ പ്രത്യേകിച്ചും ഒരു ഭാരതീയ ബോധം ഉയർന്നു വന്നിട്ടുണ്ട്. ഇത് സഭയുടെ ആത്മവിശ്വാസത്തിന്റെയും ആദ്ധ്യാത്മിക സ്വാതന്ത്ര്യത്തിന്റെയും ലക്ഷണമാണ്. നമ്മുടെ പൂർവ്വികന്മാർ വികസിപ്പിച്ചെടുത്ത കലകളെയും തത്ത്വശാസ്ത്രത്തെയും മതചിന്തയെയും ആചാരാനുഷ്ഠാന രീതികളെയും വിലമതിച്ച് സ്വായത്തമാക്കണം. അവയെ ക്രൈസ്തവ സഭയുടെ പ്രശസ്തമാദ്ധ്യമങ്ങളായി ഉപയോഗിക്കണം.

ഭാരതീയ തത്ത്വചിന്തയുടെയും മതദർശനത്തിന്റെയും മണ്ഡലങ്ങളിലേക്ക് ക്രൈസ്തവ ചിന്തകരുടെ ശ്രദ്ധ പ്രത്യേകമായി തിരിയണം. അവ യഥാവിധി ഉപയോഗിച്ചാൽ അത് ക്രിസ്തുനാഥന്റെ സന്ദേശ പ്രകാശനത്തിനുള്ള ഉത്തമ മാദ്ധ്യമായിത്തീരും. ഇതിനു ക്രൈസ്തവ ദൈവവിജ്ഞാനീയത്തിലും ഭാരതീയ ചിന്തയിലും വൈദഗ്ദ്ധ്യം നേടിയവരുടെ ഒരു സംഘടിത ശ്രമം വേണ്ടിയിരിക്കുന്നു. പലപ്പോഴും ഹൈന്ദവ–ബുദ്ധപണ്ഡിതന്മാരുടെ സഹായവും തേടേണ്ടി വരും. ഇങ്ങനെ ഒരു സുസംഘടിത ശ്രമം നടത്തിയാൽ ക്രിസ്തുനാഥന്റെ വിശേഷാത്തര സന്ദേശ പ്രകാശനത്തിനുതകുന്ന ഒന്നാംതരം ഒരു ഭാരതീയ ദൈവശാസ്ത്രം ആസന്നഭാവിയിൽ കെട്ടിപ്പെടുക്കുവാൻ നമുക്കു സാധിക്കും. ❈



# കരിസ്മാററിക്കിലെ കരിയും പുകയും

ഫാ. സി. ജെ. ജോർജ്ജ്

ബ. എ. എം. വറുഗീസച്ചന്റെ ''കരിയും പുകയും'' അതേപററി ജൂൺ ലക്കത്തിൽ പരസ്യപ്പെടുത്തിയ ലേഖനങ്ങളും വായിച്ചു. പ്രതികരണ ലേഖനങ്ങളിൽപലതും, ആശയമോ, ഘനമോ, കഴമ്പോ ഇല്ലാത്തതാണെന്നു പറയുന്നതിൽ ഖേദിക്കുന്നു. മി. കെ. സക്കറിയായുടെ "കരിയും പുകയും ഹൃദയത്തിൽ" എന്ന പ്രതികരണം അദ്ദേഹത്തിനു സഭയോടും, വൈദികരോടും എന്തോ വിരോധം ഉള്ളതിന്റെ പ്രതിഫലനമായി തോന്നുന്നു. പ. കൂദാശകൾ കൊണ്ടോ, ആചാരാനുഷ്ഠാനങ്ങൾ കൊണ്ടോ, പുണ്യവാന്മാർ ആത്മനിറവിൽ എഴുതി നിശ്ചയിച്ച പ്രാർത്ഥനകൾ കൊണ്ടോ ഒരു ഗുണമില്ലാത്ത സഭയിൽ താൻ കൂടിനടക്കുന്നതിന്റെ അർത്ഥം വ്യക്തമല്ല. ഈശോ അലക്സാണ്ടറുടെ പ്രതികരണവും തെററിദ്ധാരണകളിൽനിന്നും എഴുതിപിടിപ്പിച്ചിട്ടുള്ളതാണെന്നു തെളിയിപ്പാൻ വിഷമമില്ല.

## അർത്ഥരഹിതം

കരിസ്മാററിക് യോഗങ്ങൾക്ക് അനേകർ പോകുന്നു. രോഗശാന്തിക്ക് പ്രാർത്ഥിക്കുന്നു, ശാന്തിലഭിച്ചില്ലെങ്കിലും വീണ്ടും പോവാൻ പ്രേരണ ലഭിക്കുന്നു. എന്നെല്ലാം പൊതുവായ ചില കാര്യങ്ങളേ അദ്ദേഹത്തിനു പറയുവാനുള്ളു. ബ. പട്ടക്കാർ ചെയ്യുന്നതിൽ പലതും ചെയ്യാൻ കരിസ്മാററിക്കുകാർക്കും കഴിയും എന്നാണ് പഴയനിയമത്തിലെ ചില ഉദ്ധരണികളെ നിരത്തിവച്ചുകൊണ്ട് അർത്ഥരഹിതമായി പി.ജെ. അലക്സാണ്ടർ വാദിക്കുന്നത്. ആനി സി. ശാമുവേൽ തന്റെ ചെറിയ പ്രതികരണത്തിൽ പറഞ്ഞിരിക്കുന്ന ആശയങ്ങൾ വഴി തന്റെ മാമോദീസായുടെ മഹത്വം നിലനിർത്തി എന്നു പറയുവാനാഗ്രഹിക്കുന്നു.

## സത്യം ഒന്ന്

കുറെ എങ്കിലും ആത്മീയ വെളിച്ചവും, സത്യവിശ്വാസവും, ഓർത്തഡോക്സ് സഭയുടെ അതുല്യതയും വശമുള്ളവർക്ക് ബ. എ. എം. വറുഗീസച്ചന്റെ 'കരിയും പുകയും' എന്ന ലേഖനത്തിന്മേൽ സർക്കസ് കളിക്കാൻ കാര്യമില്ല. കാരണം അടിയിൽ കുറിക്കുന്നു.

സത്യം ഒന്നേ ഉള്ളൂ. ആ സത്യം നന്നായി മനസിലാക്കാത്തവർ പലതും സത്യമാണെന്നു തെററിദ്ധരിച്ച് വാഗ്വാദം നടത്താൻ മടിക്കില്ല. പലസത്യങ്ങൾ ഉണ്ടായിരുന്നെങ്കിൽ വിവിധ മതങ്ങൾക്കും, സഭകൾക്കും, കൂട്ടങ്ങൾക്കും, പരസ്പരവിരുദ്ധ ആചാരാനുഷ്ഠാനങ്ങൾക്കും ന്യായീകരണം ഒരുപക്ഷേ സാധ്യമാകുമായിരു

ന്നു. എന്നാൽ നവീകരണ ചിന്തക്കാരുടേയും, തത്തുല്യരുടേയും ശനിദശ എന്നല്ലാതെ എന്തുപറയട്ടെ. ദൈവം ഒന്നു്, സത്യം ഒന്നു്, വിശ്വാസം ഒന്നു് മുതലായ നിത്യ സത്യങ്ങൾ എന്നു് അംഗീകരിക്കപ്പെട്ടു കഴിഞ്ഞതിനാൽ മാററാൻ ആർക്കും കഴികയില്ല. സത്യവിശ്വാസത്തിനും, ആചാരങ്ങൾക്കും പൂർണ്ണമായ തെളിവ് വി. വേദപുസ്തകത്തിലും സഭയിലുമുള്ളപ്പോൾ സത്യമല്ലാത്തവയെ സത്യമായി കാണേണ്ടഗതികേട് ജ്ഞാനികൾക്കും, ദൈവാത്മാവുള്ളവർക്കും ഉണ്ടാകാറില്ല.

> അമിതത്വം കടന്നു കൂടുന്നത് പരസ്യത്തിനും ആകർഷണത്തിനുംവേണ്ടിമാത്രമാണെന്നത് മനസിലാകുന്നത് നല്ലതാണ്. പ്രാർത്ഥനയിൽ ബഹളത്തിനോ കോലാഹലത്തിനോ, ഹാലിളക്കത്തിനോ, കൈകൊട്ടി ആട്ടത്തിനോ പ്രേരണ നൽകുന്നു.

ഉപരിപ്ലവകരമായ ബഹളങ്ങളിലും, ചലനങ്ങളിലും, ഗാനാലാപത്തിലും, കൈകൊട്ടിലും, ആവേശം നിറഞ്ഞ സാക്ഷിപറച്ചിലുമൊക്കെവഴി ആത്മീയആഴമില്ലാത്ത പാവം മനുഷ്യരുടെ മനസ്സുകളെ കുറെ നേരത്തേക്കോ, ദിവസത്തേക്കോ, സ്വാധീനിപ്പാൻ സമർത്ഥന്മാർക്കു കഴിഞ്ഞെന്നു വരാം. ആഴത്തിൽ വേരില്ലാത്തതിനാൽ ദീർഘനാളേക്ക് സാധ്യമല്ല. എപ്പിക്കൂറിയനിസം നാമാവശേഷമായതും, പോട്ടയിൽ പണ്ടേപോലെ ആൾബഹളം ഇപ്പോഴില്ലാത്തതും ഇതിനുദാഹരണമാണ്. രോഗശാന്തിയും, മനസമാധാനവും എല്ലാം ദാനം ചെയ്യുവാൻ സർവ്വശക്തനായ ദൈവത്തിനു കഴിയും. പ. സഭയിൽ കൂടിയും പുണ്യവാന്മാരുടെ മദ്ധ്യസ്ഥതവഴിയും ഈ ദാനം നടക്കുന്നുണ്ടു്.

## ഭ്രാന്താലയം

പ്രാർത്ഥന, പ്രസംഗം മുതലായവയിൽ ഹാലിളക്കങ്ങളോ, ബഹളങ്ങളോ പാടില്ലെന്നാണ് വി. വേദപുസ്തകം അനുശാസിക്കുന്നതു് അതിരുകടക്കുമ്പോഴാണ് എല്ലാം വിനയാകുന്നതു്. തേനും അധികം കഴിക്കരുതല്ലോ. പ്രാർത്ഥന മുതലായവക്ക് കർത്താവും, പരിശുദ്ധന്മാരും, വി. വേദവും ചില നിർദ്ദേശങ്ങൾ തന്നിട്ടുള്ളതു പാലിക്കണം. ക്രമംകെട്ട് ഇളകുകയും, ഇളക്കുകയും ചെയ്യരുതു്. അതിഭാഷണത്താൽ ഉത്തരം കിട്ടുമെന്നവർ ചിന്തിക്കുന്നു എന്നു് വായിക്കുന്നില്ലേ. ''അധികമായാൽ അമൃതും വിഷം'' എന്നതത്വേന ചിന്തിച്ചാൽ ബ. ഏ. എം. വറുഗീസച്ചന്റെ ലേഖനം മിതത്വത്തിലേക്കു്





മനുഷ്യനെ നയിപ്പാൻ ഉദ്ദേശിച്ചുള്ളതായിരുന്നു. അമിതത്വം കടന്നുകൂടുന്നത് പരസ്യത്തിനും ആകർഷണത്തിനും വേണ്ടിമാത്രമാണെന്നതു് മനസിലാക്കുന്നതു് നല്ലതാണ്. പ്രാർത്ഥനയിൽ ബഹളത്തിനോ, കോലാഹലത്തിനോ, ഹാലിളക്കത്തിനോ, കൈകൊട്ടി ആട്ടത്തിനോ പ്രേരണ നൽകുന്നു. അതിനു വിരുദ്ധമായി അനവധി ആശയങ്ങൾ ഉണ്ടു്. ചില ഉദാഹരണങ്ങൾ കുറിക്കുന്നു.

1 എന്റെ ധ്യാനത്തിൽ തീകത്തി. (ദാവീദിന്റെ അനുഭവം)

> കർത്താവ് അഞ്ചപ്പംകൊണ്ട് അയ്യായിരത്തേയും ഏഴപ്പംകൊണ്ട് നാലായിരത്തേയും തീററി തൃപ്തരാക്കി. അതുപോലെ ഒന്നു ചെയ്യുവാൻ ഈ മഹാവിക്രമൻമാരായ ഹാലിളക്ക ഉപദേശിമാരാരും ശ്രമിക്കുന്നതു കണ്ടിട്ടില്ല. അതുപോലെ മരിച്ചവരെ ജീവിപ്പിപ്പാനും ശ്രമിക്കാറില്ല.

2. നീ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്നു് വാതിലടച്ച് രഹസ്യത്തിൽ കാണുന്ന പിതാവിനോട് പ്രാർത്ഥിക്കുക. (കർത്താവിന്റെ ഗുണദോഷം)

3 നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ജാതികളെപോലെ ജല്പനം ചെയ്യരുതു്.

4 അതാ ക്രിസ്തു അവിടെ എന്നും ഇവിടെ എന്നും പറഞ്ഞാൽ നിങ്ങൾ പോകരുതു്.

5 കള്ള ക്രിസ്തുക്കളും കള്ള പ്രവാചകന്മാരും എഴുന്നേററു് കഴിയുമെങ്കിൽ വ്രതന്മാരെയും തെററിപ്പാൻ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും.

6 അധികം ശിക്ഷാവിധി വരുമെന്നോർത്തു് നിങ്ങളിൽ അധികം ഉപദേഷ്ടാക്കന്മാർ ഉണ്ടാകരുതു്.

7 മനുഷ്യപുത്രൻ വരുമ്പോൾ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ ?

മുകളിൽ ഉദ്ധരിച്ച വാചകങ്ങളൊന്നും തന്നെ ബഹളങ്ങളേയും ഹാലിളക്കങ്ങളേയും പ്രേരിപ്പിക്കുന്നവയല്ല. കഴമ്പില്ലാതെ വരുമ്പോളാണ് ആകർഷിപ്പാൻ ബഹളം കൂട്ടുന്നതു്. പ. അപ്പോസ്തോലന്മാരും, പ. പിതാക്കന്മാരും, സഹദേന്മാരും ഒരിയ്ക്കലും ബഹളത്തെയോ ഹാലിളക്കത്തെയോ മാതൃകയാക്കിയിട്ടില്ല.

വി. കർബാനയിൽ പട്ടക്കാരൻ കൈ ആവസിപ്പിക്കുകയും, ശോശപ്പ ആഘോഷിക്കുകയും ചെയ്യുന്നതിനാൽ അതു് എല്ലാവർക്കും ആകാമെന്ന ചിന്ത വികലവും, അല്പബുദ്ധിയുടേതുമാണ്. വി. കൂദാശകൾ അടിച്ചേല്പിക്കുന്ന എന്ന് ഒരുവൻ

എഴുതിയിരിക്കുന്നതും, അതിനെക്കാൾ ഉത്തമം ആട്ടവും പാട്ടും മററുമാണെന്നു ഒരുവൻ എഴുതിയിരിക്കുന്നത് അയാളുടെ അജ്ഞതയിൽ നിന്നാണ്.

## രോഗസൗഖ്യം

രോഗസൗഖ്യനൽ വരമുള്ളവർക്ക് അതുമററുള്ളവർക്കു കൊടുക്കുവാൻ അട്ടഹാസമോ സ്റ്റേജുതകർത്തുള്ള ബഹളങ്ങളോ ആവശ്യമില്ലന്ന് അപ്പോ.പ്ര 9:33–37 വരെയും, മത്തായി 8:5 മുതലും, ഉള്ള സംഭവങ്ങളും മററനേക വാക്യങ്ങളും സാക്ഷിക്കുന്നു. കോലാഹലങ്ങളൊന്നുമില്ലാതെ പള്ളികളിൽ നിന്നും, പരിശുദ്ധന്മാരുടെ കബറിടങ്ങളിൽ നിന്നും രോഗശാന്തിയും, ആശ്വാസവും ലഭിക്കുന്നവർ അനവധിഉണ്ടെന്ന് സക്കറിയായോടു പറവാനാഗ്രഹിക്കുന്നു. സക്കറിയാവാദികളും പോലെ പഴകി ദ്രവിച്ച ആചാരങ്ങളൊന്നും സഭയിലില്ല.

കർത്താവ് അഞ്ചപ്പംകൊണ്ട് അയ്യായിരത്തേയും ഏഴപ്പംകൊണ്ട് നാലായിരത്തേയും തീററി തൃപ്തരാക്കി. അതുപോലെ ഒന്നു ചെയ്യുവാൻ ഈ മഹാ വിക്രമൻമാരായ ഹാലിളക്ക ഉപദേശിമാരാരും ശ്രമിക്കുന്നതു കണ്ടിട്ടില്ല, അതുപോലെ മരിച്ചവരെ ജീവിപ്പിപ്പാനും ശ്രമിക്കാറില്ല. എന്നിൽ വിശ്വസിക്കുന്നവൻ ഞാൻ ചെയ്തതിലധികം ചെയ്യുമെന്നാണല്ലോ കല്പന.

ഏതായാലും, ഉപദേശി ആയാലും, കരിസ്മാററിക്കുകാരായാലും ക്രമം വിട്ടുചാടുന്നത് നന്നല്ല. ശരിയല്ല. വിവേകമല്ല. രോഗം വന്നാൽ എന്തുചെയ്യണമെന്ന് വി. യാക്കോബിൻെറ ലേഖനത്തിൽ പറയുന്നുണ്ട്. അവിടെയും ഹാലിളക്കവും മററും ഇല്ല. പെന്തിക്കോസ്തുകാരെ പോലും നാണിപ്പിക്കുന്നതരത്തിലുള്ള പ്രഹസനങ്ങൾക്ക് ഫല പ്രദമായ നിയന്ത്രണം സഭ ഏർപ്പെടുത്തേണ്ടതാണ്. ബ. എ.എം. വറുഗീസച്ചൻെറ ''കരിക്കും പുകക്കും'' നിരൂപണമെഴുതിയ ജൂൺ ലക്കത്തിലെ മൂന്നു വിമർശനങ്ങളും കഴമ്പില്ലാത്തതും, സ്ററാൻഡാർഡില്ലാത്തതുമാണെന്ന് പലരും പറയുന്നുണ്ട്. ❀

### നുറുങ്ങുകൾ

ഒരു അനുഭവം. ഒരു കല്യാണ ചടങ്ങിന് അച്ചനും ശുശ്രൂഷകനും ഞാനും മററുരണ്ടു പേരും കൂടി കാറിൽ കയറി. സ്വല്പ ദൂരം ചെന്നപ്പോൾ ശുശ്രൂഷകൻ അച്ചനോടു ചോദിക്കുന്നു, വണ്ടിക്കു മാർഗ്ഗ തടസം വന്നാൽ കല്ല് എടുത്തുവയ്ക്കാൻ ഞാൻ ഉണ്ടെങ്കിൽ മാത്രമേ പററുഅച്ചോ. അച്ചൻ കാറിൽ ഇരിക്കുകയേയുള്ളു. ഞാൻ സശ്രദ്ധം ശ്രവിച്ചു. അച്ചൻെറ മറുപടി എടോ ദാനിക്കുട്ടി, ഞാൻ കാറിൽ കയറിയതുകൊണ്ടാണ് തനിക്കു് കാറിൽ ഇരിക്കാൻ ഇടയായതു് അതു് അറിയാമോ. ഉരുളക്ക് ഉപ്പേരി. എന്തുചെയ്യും ........... ?

*മറിയാമ്മ തോമസ്, കുലത്താക്കൽ*



## ബൈബിൾ

ശാന്തഗംഭീരമായൊഴുകുന്ന തേംസ് നദിയിൽ ചാടി ജീവിതം അവസാനിപ്പിക്കണമെന്നു തീരുമാനിച്ചിരുന്ന വില്യംകൂപ്പർ എന്ന യുവാവ് അവിചാരിതമായി ഒരു ശബ്ദം കേട്ട് തിരിഞ്ഞുനോക്കി. എലിയെ പിടിക്കുവാൻ ചാടിയ പൂച്ച ഷെൽഫിൽ ഉണ്ടായിരുന്ന ചില പുസ്തകങ്ങൾ തള്ളിയിട്ടിരിക്കുന്നു. അതിലൊരു പുസ്തകം തുറന്നു കിടന്നിരുന്നു. അതു് ഇപ്രകാരമായിരുന്നു.

''ഒരു മനുഷ്യൻ സർവ്വലോകവും നേടീട്ടു തന്നെത്താൻ നഷ്ടമാക്കികളകയോ, ചേതം വരുത്തുകയോ ചെയ്താൽ അവനു് എന്തുപ്രയോജനം ?

ഇതു് അയാളെ കൂടുതൽ ചിന്തിപ്പിച്ചു. അയാൾ പുസ്തകം ആദിയോടന്തം അത്യാർത്തിയോടെ വായിച്ചു തീർത്തു. തൻെറ ജീവിതത്തിനു് പുതിയ അർത്ഥം കൈവന്നതുപോലെ അയാൾക്കു തോന്നി. വേദപുസ്തക പാരായണത്തിൽ വില്യം കൂപ്പറെ ഏററവും ആകർഷിച്ച ഭാഗം ഇതാണ്.

ഭയങ്കരവും അതിശയവുമായി എ
ന്നെ സൃഷ്ടിച്ചിരിക്കയാൽ
ഞാൻ നിനക്കു സ്തോത്രം ചെ
യ്യുന്നു.
നിൻെറ പ്രവർത്തികൾ അത്ഭുത
കരമാകുന്നു.
അതു് എൻെറ ഉള്ളം നല്ലവണ്ണം
അറിയുന്നു.
ഞാൻ രഹസ്യത്തിൽ ഉണ്ടാക്കപ്പെ
ടുകയും ഭൂമിയുടെ അധോഭാഗങ്ങ
ളിൽ നിർമ്മിക്കപ്പെടുകയും ചെ
യ്തപ്പോൾ
എൻെറ അസ്ഥികൂടം നിനക്കു്
മറവായിരുന്നില്ല.
ഞാൻ പിണ്ഡാകാരമായിരുന്ന
പ്പോൾനിന്റെ കണ്ണു്എന്നെകണ്ടു.
നിയമിക്കപ്പെട്ട നാളുകളിൽ ഒ
ന്നും ഇല്ലാതിരുന്നപ്പോൾ
അവയെല്ലാം നിൻെറ പുസ്തക
ത്തിൽ എഴുതിയിരുന്നു.

സങ്കീർത്തനങ്ങൾ139; 14-16

ഇതുവരെ തള്ളിനീക്കിയ തന്റെ വ്യർത്ഥ ജീവിതത്തെ ഓർത്തു അയാൾ പശ്ചാത്തപിച്ചു.

### ഇതുവരെയുള്ള ബൈബിൾ വിവർത്തനങ്ങൾ

ഭാരതത്തിൽ [ആകെ ഭാഷകൾ 1500 ൽ പരം]

| | |
|---|---|
| സമ്പൂർണ്ണവേദപുസ്തകം | 48 ഭാഷകളിൽ |
| പുതിയ നിയമം | 42 ഭാഷകളിൽ |
| വേദഭാഗങ്ങൾ | 85 ഭാഷകളിൽ |

ലോകത്തിൽ [ആകെ ഭാഷകൾ 5000 ൽ പരം]

| | |
|---|---|
| സമ്പൂർണ്ണ വേദപുസ്തകം | 341 ഭാഷകളിൽ |
| പുതിയ നിയമം | 822 ഭാഷകളിൽ |
| വേദഭാഗങ്ങൾ | 2092 ഭാഷകളിൽ |

കവിത

## ഭൂമിയിൽ സ്വർഗ്ഗം

വന്തളം കെ. ജി.

കൊച്ചു കുഞ്ഞുങ്ങളെ കുഞ്ഞുങ്ങളെ-എന്റെ
കുഞ്ഞുങ്ങളെ—കൊച്ചു കുഞ്ഞുങ്ങളെ
നിത്യവും ചെയ്യേണ്ട കർമ്മങ്ങളൊക്കെയും
നിത്യവുമോർത്തു നടന്നീടുമോ ? നിങ്ങൾ നിത്യം
അന്യോന്യം സ്നേഹിച്ചു ജീവിതമൂല്യങ്ങൾ
മാന്യമായി പാലിച്ചു മുന്നേറുമോ ?
അന്യർക്കുപകാരം ചെയ്യുകയെന്നതു്
മാന്യമെന്നോർത്തതു ചെയ്തീടുമോ ?
തൻസഹജീവികൾ ഭ്രാതാക്കളെന്നപോൽ
നന്മ വിതറി ചരിച്ചീടുമോ ?
ദീനർ തൻ രോദനം കേട്ടു മനതാരിൽ
ആർദ്രതയോടു വർത്തിച്ചീടുമോ ?
നിങ്ങൾക്കു മററുള്ളോർ ചെയ്യണമെന്നതു്
നിങ്ങളപരർക്കു ചെയ്തീടുമോ ?
നിങ്ങൾ തൻ കർമ്മത്താൽ നേടിയിട്ടുള്ളതിൽ
അർഹിപ്പോർക്കായതിൽ നൽകിടുമോ ?
ഉന്നത സ്ഥാനങ്ങളേറിക്കഴിയുമ്പോൾ
അന്യർക്കതാൽ ദുഃഖമേററിടുമോ ?
ഈശന്റെ കാരുണ്യം നേടി നയിക്കുന്ന
ഈശന്റെ ദാനമാം ജീവിതത്തെ
മാന്യമായ് കാത്തും നൽമാതൃക കാട്ടിയും
മന്നിതിലെന്നും പുലർന്നീടുമോ ?
ഇച്ചൊന്നതൊക്കെയറിഞ്ഞു ജീവിപ്പവർ
മെച്ചമെവിടേയും കാട്ടിടുന്നു



# ★ വാർത്തകൾ ★

## ബാലിക സമാജം വാർഷിക ക്യാമ്പ്

ചെങ്ങന്നൂർ ഭദ്രാസനത്തിലെ ബാലികാ സമാജത്തിന്റെ വാർഷിക സമ്മേളനം ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസിയോസ് ഉദ്ഘാടനം ചെയ്തു. ബർശ്ലീബാ റമ്പാൻ, ഫാ. തോമസ് തേക്കിൽ ഫാ. തോമസ് ജോസഫ്, ഫാ. എ. ഡി. കറിയാക്കോസ്, ഫാ. സാം കട്ടമ്പേരൂർ, കെ. എം. മാത്യു, എം. എ. ജേക്കബ്, സാറാമ്മ വറുഗീസ് വൈസ് പ്രസിഡന്റ് ഫാ. കുര്യൻ തോമസ്, സെക്രട്ടറി അന്നമ്മ ജോസഫ് എന്നിവർ നേതൃത്വം നല്കി. ശ്രീ. വി. കെ. മാത്യു ഗാന പരിശീലനം നടത്തി. 100 ൽ പരം ബാലികമാർ ക്യാമ്പിൽ പങ്കെടുത്തു.

## സൺഡേ സ്കൂൾ ദിനാഘോഷം

ആലാ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് സൺഡേ സ്കൂളിന്റെ ആഭിമുഖ്യത്തിൽ സൺഡേസ്കൂൾ ദിനത്തോടനുബന്ധിച്ച് കുട്ടികളുടെ കലാപരിപാടികൾ നടത്തി. പ്രസ്തുത മീററിംഗിൽ ഫാ. സി. ജെ. ജോർജ് അദ്ധ്യക്ഷത വഹിച്ചു. മിനി രാജൻ വർഗീസ് സ്വാഗതവും അന്നമ്മ തോമസ് കൃതജ്ഞതയും പറഞ്ഞു.

അത്തരമാളുകൾ ഭൂമിയിലേറിയാൽ
ഉത്തമ സ്വർഗ്ഗസുഖം പകരും
ഭൂമിയും നാകവുമൊന്നായിത്തീരുവാൻ
ഭൂമിയിലുള്ള നാമെത്തിക്കണം
ഭൂമിയിൽ നാകം പണിയുന്ന മാനുഷൻ
ഭൂമിയിൽ മാലാഖ തന്നെയല്ലോ ?
സ്നേഹിതർ, സോദരർ, സഹജീവിവൃന്ദമേ
സ്നേഹത്തിലൂന്നി നടന്നിടണേ
മാനുഷ ധർമ്മമറിഞ്ഞു പുലരുവാൻ
ഹീനത്വമെന്ന്യേ നയിച്ചിടണേ
എങ്കിലിവിടേയും നമ്മൾ പണിഞ്ഞിടും
മംഗല്യ സാന്ദ്രമാം നാകഭൂമി

# ബാലപത്രിക

—ആനി ജേക്കബ് ചാരുനിൽക്കുന്നതിൽ

സ്നേഹമുള്ളകൂട്ടുകാരെ,

ബർലിൻ ആർട്ട്ഗ്യാലറിയിൽ സുപ്രസിദ്ധ കലാകാരനായ മെൻഡൽ വരച്ച പൂർത്തിയാകാത്ത ഒരു ചിത്രം സൂക്ഷിച്ചിട്ടുണ്ട്. മഹാനായ ഫ്രെഡറിക് ചക്രവർത്തി സൈന്യമേധാവികളുമായി ചർച്ചനടത്തുന്ന രംഗമാണ്. പക്ഷേ ചക്രവർത്തിയുടെ സ്ഥാനത്ത് ഒന്നും വരച്ചിട്ടില്ല പട്ടാളക്കാരുടെയും ഉദ്യോഗസ്ഥൻമാരുടെയും ചിത്രങ്ങൾ വരച്ചിട്ട് അവസാനം ചക്രവർത്തിയുടെ ചിത്രം വളരെ ഭംഗിയായി വരയ്ക്കുവാനാണ് മെൻഡൽ തീരുമാനിച്ചത് പക്ഷേ ചക്രവർത്തിയുടെ ചിത്രം വരയ്ക്കുന്നതിനു മുമ്പ് ആ കലാകാരൻ മരണമടഞ്ഞു. ഒന്നാമത്തേതിനു കൊടുക്കേണ്ട സ്ഥാനം ഒന്നാമതു കൊടുക്കാൻ ചിത്രകാരൻ വിട്ടുപോയിരുന്നു. അങ്ങനെ അതൊരു അപൂർണ്ണ ചിത്രമായി നിലകൊള്ളുന്നു.

പുതിയ വിദ്യാഭ്യാസ വർഷം ആരംഭിച്ചുകഴിഞ്ഞു. നന്നായി പഠിക്കുക, നല്ല നല്ല പെരുമാററ രീതികളും, സ്വഭാവശുദ്ധിയും ആർജ്ജിക്കുക. സത്യം, ശുദ്ധി, സ്നേഹം, സേവനം എന്നീ സനാതന മൂല്യങ്ങൾ വളർത്തിയെടുക്കുക കഴിവുകൾ വികസിപ്പിക്കുക. തുടങ്ങിയ പ്രധാന കാര്യങ്ങൾക്ക് ഒന്നാം സ്ഥാനം നൽകുക. അനാവശ്യമായുള്ള പഠിപ്പുമുടക്കിനും ടി. വി. ക്കും, ഫാഷനും, തമാശക്കും പ്രഥമസ്ഥാനം നൽകാതിരിക്കുക. എന്നാൽ ദൈവാനുഗ്രഹം ഉണ്ടാകും.

സ്നേഹപൂർവ്വം ആനിച്ചേച്ചി



## കത്തുകൾ

# കരിയും പുകയും

ബഹു.എ.എം. വർഗീസച്ചൻെറ കരിസ്മാററിക്ക് പ്രസ്ഥാനത്തെപ്പററിയുള്ള ലേഖനത്തിനു് അനുകൂലവും പ്രതികൂലവുമായ പ്രതികരണങ്ങൾ ജൂൺ ലക്കം ബഥേൽ പത്രികയിൽ വായിച്ചപ്പോൾ ഉണ്ടായ പ്രതികരണമാണു് ഇവിടെ കുറിക്കുന്നതു്.

കരിസ്മാററിക് പ്രസ്ഥാനം പ്രചരണം സിദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ കാലയളവിൽ സഭാമക്കളുടെ വിശ്വാസത്തെ ഇളക്കി മറിയ്ക്കാതെ സ്ഥിരമായി പിടിച്ചു നിർത്തുന്നതിനു് പ്രസ്തുത ലേഖനം സഹായകരമായിരുന്നു. അപ്രകാരമുള്ള ലേഖനങ്ങൾ കൂടുതൽ കൂടുതൽ സഭയുടെ എല്ലാ പ്രസിദ്ധീകരണങ്ങളിലും സ്ഥലം പിടിച്ചു കാണുവാൻ ആഗ്രഹിക്കുന്നു.

ഓർത്തഡോക്സ് സഭയിൽ നില്ക്കുകയും 'പോട്ട സംസ്കാരത്തിൽ' വളരുകയും ചെയ്യുന്ന പ്രവണത സഭയെ ശിഥിലീകരിക്കാനേ ഉപകരിക്കയുള്ളു. സഭയ്ക്കു സംഭവിച്ചുകൊണ്ടിരിക്കുന്ന മൂല്യച്യുതി ലേഖനങ്ങൾ മുഖേന സഭാ മേലദ്ധ്യക്ഷന്മാരുടേയും, വൈദികരുടേയും, ജനങ്ങളുടേയും ശ്രദ്ധയിൽ കൊണ്ടുവരുന്നതു് സഭയുടെ ശുദ്ധീകരണത്തിനു നല്ലതാണു് സ്വാഗതാർഹവുമാണു്.

പി.കെ.കോരുത്, മുളക്കുഴ

### തുറന്ന മനസ്സ്

ബഥേൽ പത്രിക വളരെ ആനുകാലിക ചിന്തകൾ പങ്കുവയ്ക്കുന്നതിൽ സന്തോഷിക്കുന്നു. കെട്ടിലും മട്ടിലും വളരെ വ്യത്യാസങ്ങൾ ഉണ്ടു്.

'കരിയും പുകയും' ചർച്ച ഗംഭീരമായി. അനുകൂലിച്ചും പ്രതികൂലിച്ചും ഉള്ള പ്രതികരണങ്ങൾ വന്നതുനന്നായി. നമ്മുടെ സഭയിലും കരിസ്മാററിക് പോലുള്ള എന്തോ ആരംഭിക്കുന്നതായി കേട്ടല്ലോ. സഭയിലെ പല പ്രശസ്തവൈദികരും പോട്ടപോലുള്ള ധ്യാനങ്ങൾ നയിക്കുന്നല്ലോ. ഇതിൽ സഭയ്ക്കു് എന്തെങ്കിലും നയമുണ്ടോ ?

എത്രയോ ഓർത്തഡോക്സുകാർ കരിസ്മാററിക് ധ്യാനത്തിൽ പങ്കെടുക്കുന്നു. ചെങ്ങന്നൂരിൽ നടത്തിയ ഒരു പോട്ട ധ്യാനത്തിലും പതിനായിരങ്ങൾ പങ്കെടുത്തു. ഓർത്തഡോക്സ് സെൻററായ ചെങ്ങന്നൂരിൽ ധ്യാനത്തിനു് എവിടെ നിന്നും ഇത്രയധികം ആൾക്കാർ എത്തി ? ചോദ്യം അവശേഷിക്കുന്നു.

പോട്ട ധ്യാനത്തെ എതിർത്ത ഒരു വൈദികൻ രോഗം കഠിനമായപ്പോൾ പോട്ടയിൽ ധ്യാനിക്കാൻ പോയതായി അറിഞ്ഞു. സഭ എന്തുകൊണ്ടു് വിലക്കിയില്ല. പോട്ടയിൽ പോകുന്ന വിശ്വാസികളെയും എന്തുകൊണ്ടു് മുടക്കുന്നില്ല.

ബ. എ. എം. വർഗീസച്ചൻെറ ലേഖനം മലങ്കര സഭയിലും പ്രസിദ്ധീകരിച്ചിരുന്നു. പ്രതികരണം ഒന്നും കണ്ടില്ല. എന്നാൽ ബഥേൽ പത്രികയിൽ ധാരാളം പ്രതികരണങ്ങൾ നൽകിയതിൽ സന്തോഷം. സഭാപ്രസിദ്ധീകരണങ്ങളിൽ ചില ആശയങ്ങൾ അടിച്ചേൽപ്പിക്കരുതു്. വിശ്വാസികൾക്കും ചർച്ചയിൽ പങ്കെടുക്കുവാൻ അവസരം നൽകണം. ഞങ്ങളും ഓർത്തഡോക്സുകാരല്ലേ. ഇതൊക്കെ എവിടെയാണ് പറയേണ്ടതു്. ഏതു ലേഖനത്തോടും അനുകൂലിച്ചും പ്രതികൂലിച്ചും വായനക്കാർക്കു് പ്രതികരണങ്ങൾ ഉണ്ടു്. പ്രതികൂലമായാൽ പത്രക്കാർ വെളിച്ചം കാണിക്കുന്ന പതിവില്ലല്ലോ. അതിനാൽ എഴുതുന്നില്ലെന്നു മാത്രം. ബഥേൽ പത്രികയുടെ തുറന്ന മനസ്സിനു് നന്ദി, ആശംസകൾ.

*ഷിബു, മുപ്രയിൽ*

## ധ്യാന ഗ്രൂപ്പ്

'ബഥേൽ പത്രിക' ജൂൺ ലക്കത്തിലെ കരിയും പുകയും എന്ന ചർച്ച വളരെ പ്രയോജന പ്രദമായിരുന്നു.

ബഹു. പി. കെ. കോശി പിരളശ്ശേരിയുടെ ലേഖനം സഭാ നേതൃത്വത്തിൻെറ കണ്ണു്തുറന്നിരുന്നെങ്കിൽ...! കരിസ്മാററിക്കിനോടു് എതിർപ്പുണ്ടെങ്കിലും സഭയിൽ കരിസ്മാററിക് ഭക്തിയേറുന്നതായി തോന്നുന്നു. ബുധനൂരിൽ ബ. ജോൺ പോൾ അച്ചൻ നടത്തിയതു് കരിസ്മാറ്റിക്കിൻെറ ചെറിയ പതിപ്പല്ലേ. മൂന്നു് നോമ്പിനു് നരിയാപുരത്തു് വൈദിക സദനത്തിൽ ഫാ. മത്തായി നൂറനാലിൻെറ നേതൃത്വത്തിൽ നടന്നതും കരിസ്മാററിക് തന്നെ. ഓർത്തഡോക്സ് സഭയിലെ പല വൈദികരും അതിലുണ്ടായിരുന്നു.

സഭയിൽ ധാരാളം പേർ ഇത്തരം ധ്യാനങ്ങൾക്കു പോകുന്നുണ്ടു്. അവരെ 'പിടിക്കാനായി' നമ്മളും ഇത്തരം ധ്യാനത്തിനു മുൻഗണന നൽകുന്നതു് നല്ലതല്ലേ. ഭദ്രാസനതലത്തിലും കേന്ദ്രീകൃതമായ ഒരു ധ്യാന ഗ്രൂപ്പ് ഉണ്ടാകണം. ബഥേൽ പത്രികയിലെ ചർച്ച അതിനു പ്രേരണ നൽകും എന്നു് ആശിക്കുന്നു.

*ജോൺ മാത്യു, പന്തളം*

## കശ്ശീശാപട്ടം

തോട്ടപ്പുഴ : നീലംങ്കേരിൽ ഡീക്കൻ ജേക്കബ് മാത്യുവിനു് തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലിത്ത കശ്ശീശാപട്ടം നൽകി. തുടർന്നു് അഭി. തിരുമനസ്സിലെ അദ്ധ്യക്ഷതയിൽനടന്ന അനുമോദന സമ്മേളനത്തിൽ ഫാ. ഡോ. എം. ഒ. ജോൺ, ഫാ. ഐപ്പ് പി. സാം, ഫാ. നൈനാൻ കെ. ജോർജ്, ഫാ. കെ. സി. ജേക്കബ്, ബ്ലോസം നൈനാൻ എന്നിവർ ആശംസകളർപ്പിച്ചു.

## പ്രതിമാസ ധ്യാനം

ഭദ്രാസന പ്രതിമാസ ധ്യാനം ജൂലൈ 27-നു് ശനിയാഴ്ച 9 മണി മുതൽ ബുധനൂർ സെ. ഏലിയാസ് പള്ളിയിൽ നടത്തുന്നു. ഫാ. എം. എം. വൈദ്യൻ ധ്യാനത്തിനു് നേതൃത്വം നല്കും.



## ഒന്നാം സ്ഥാനം നേടി



അബുദബി സെൻറ് ജോർജ് ഇടവക സ്പോൺസർ ചെയ്തു് മലങ്കര സഭയിലെ യുവജനങ്ങൾക്കായി കോട്ടയം ഏലിയാ കത്തീഡ്രലിൽ വച്ച് നടത്തിയ ഫാ. ററി. സി. മത്തായി മെമ്മോറിയൽ പ്രസംഗ മത്സരത്തിൽ ചെങ്ങന്നൂർ ഭദ്രാസനത്തിലെ സാനു മാത്യു ഒന്നാം സ്ഥാനം നേടി 2500/- രൂപായുടെ കാഷ് അവാർഡിനു് അർഹനായി.

പുറമററം ഊർശ്ലേം പള്ളിയുടെ ആഭിമുഖ്യത്തിൽ നടന്ന അഖില മലങ്കര കലാമത്സരത്തിൽ പ്രസംഗത്തിനും സാനു ഒന്നാം സ്ഥാനം നേടി.

നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുള്ള സാനു, തോട്ടപ്പുഴ എം. ജി. എം. യുവജന പ്രസ്ഥാനം സെക്രട്ടറിയും ബി. എസ്സി. കമ്പ്യൂട്ടർ സയൻസ് (I.H.R.D.E) ഒന്നാം വർഷ വിദ്യാത്ഥിയുമാണ്.

## ശതാബ്ദി പതിപ്പ് പ്രകാശനം

കോട്ടയം: മലയാളത്തിൽ ആദ്യമായി അച്ചടിച്ച് പ്രസിദ്ധപ്പെടുത്തിയ ലക്ഷണമൊത്ത യാത്രാവിവരണ ഗ്രന്ഥമായ പരുമലതിരുമേനിയുടെ 'ഊർശ്ലേം യാത്രാ വിവരണ'ത്തിൻെറ ശതാബ്ദി ആഘോഷിച്ചു.

കോട്ടയം ഓർത്തഡോക്സ് സെമിനാരിയിൽ നടന്ന സമ്മേളനത്തിൽ പ. കാതോലിക്കാ ബാവാ അദ്ധ്യക്ഷത വഹിച്ചു.

പോൾ മണലിൽ എഡിററു ചെയ്ത ശതാബ്ദി പതിപ്പ് മനോരമ ചീഫ് എഡിററർ കെ. എം. മാത്യു പ്രകാശനം ചെയ്തു.

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്, ഡി. സി. കിഴക്കേമുറി, റവ. ഡോ. കെ. എം. ജോർജ്, എ. കെ. തോമസ് എന്നിവർ പ്രസംഗിച്ചു.

ഉച്ചക്കു് സാഹിത്യസെമിനാറും കാവ്യ പൂജയും നടന്നു. ഡോ. സാമുവേൽ ചന്ദനപ്പള്ളി, പ്രൊഫ. തുമ്പമൺ തോമസ്, ഫാ. ഡോ. ജേക്കബ് കുര്യൻ, ഗോപി കൊടുങ്ങല്ലൂർ, ഡോ. ജോസ് പറക്കടവിൽ, മടവന ബാലകൃഷ്ണപിള്ള, ഡോ. സി. ജെ. റോയ്, ബിനോയ് ചാത്തുരുത്തി, സി. ജെ. മണ്ണുമ്മൂട്, ജോർജ് തഴക്കര, ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ, തോമസ് നീലാർമഠം എന്നിവർ നേതൃത്വം നൽകി.

Regd. No. R. N. 44684/87 Regd. No. G/KL/TLA/71

# BETHEL PATHRIKA

## യുവജന പ്രസ്ഥാനത്തിൽ യുവതികൾക്ക് പങ്കാളിത്തം

മുളക്കുഴ : യുവതികൾക്കും പങ്കാളിത്തമുള്ള യുവജന പ്രസ്ഥാനം മുളക്കുഴ സെൻറ് മേരീസ് പള്ളിയിൽ കേന്ദ്രജനറൽ സെക്രട്ടറി ഫാ. ജോബ്സൺ കോട്ടപ്പുറം ഉദ്ഘാടനം ചെയ്തു. വികാരി ഫാ. ജോൺ തോമസ് കരിഞ്ഞാട്ടിൽ അദ്ധ്യക്ഷം വഹിച്ചു.

യുവജന പ്രസ്ഥാനം ഭദ്രാസന സെക്രട്ടറി ജേക്കബ് ഉമ്മൻ, ഡിസ്ട്രിക്ട് ഓർഗനയിസർ റോജി ഏബ്രഹാം, യൂണിററ് സെക്രട്ടറി ബിനു മുളക്കുഴ എന്നിവർ പ്രസംഗിച്ചു.

ഭാരവാഹികളായി ശാമുവേൽ മാത്യു (വൈസ്പ്രസിഡൻറ്), ബിനു മുളക്കുഴ (സെക്രട്ടറി), ജെസി ചെറിയാൻ (ജോ. സെക്രട്ടറി), മാത്യു വർഗീസ് (ട്രഷറാർ), ശാമുവേൽ സ്കറിയ (കൺവീനർ) എന്നിവരെ തെരഞ്ഞെടുത്തു.

## എം. പി. എം. യുവജന പ്രസ്ഥാനം ബസ്റ്റ് യൂണിററ്

ഇടവങ്കാട് : ചെങ്ങന്നൂർ ഭദ്രാസനത്തിലെ ഏററവും നല്ല യൂണിററിനുള്ള ഈ വർഷത്തെ അവാർഡ് ഇടവങ്കാട് എം.പി.എം. യുവജന പ്രസ്ഥാനം കരസ്ഥമാക്കി. സെക്രട്ടറി തോമസ് കീത്തലത്തറയിൽ ബെസ്റ്റ് യൂണിററിനുള്ള ട്രോഫി ഏററുവാങ്ങി.

അനുമോദന സമ്മേളനത്തിൽ വികാരി ഫാ. ജോസ് തോമസ് ഫാ. ഗീവറുഗീസ് ജോൺ, ജേക്കബ് ഉമ്മൻ, ജോൺ മത്തായി, മനോജ് മാത്യു, റോയി ശാമുവേൽ എന്നിവർ പ്രസംഗിച്ചു.

Printed and Published by Fr. P.G. George
on behalf of H. G. Thomas Mar Athanasios at
PHILIPS PRINTERS CHENGANNUR Editor Fr. P. G. George